
സത്യം

അഹിംസ



# ദർശനം

(ജയ് ജഗത്)

സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്

പുസ്തകം 42 | ലക്കം 2 | മാർച്ച് 30


# സേതുബന്ധനം

പ്രിയമുള്ളവരെ,

കുറുപ്പുസാറിന്റെ രണ്ടുലേഖനങ്ങളിലെ ഏതാനും ഭാഗങ്ങൾ സമന്വയിപ്പിച്ചതാണ് സേതുബന്ധനം ഇതിൽ ഒന്നാം ഭാഗത്തിൽ തത്വവിചാരവും രണ്ടാം ഭാഗത്തിൽ അതിന്റെ പ്രയോഗവും വിവരിക്കുന്നു. ഇത് വിളക്കത്ത് വെച്ച് വായിക്കുക. കുട്ടികൃഷ്ണമാരാര് കുട്ടിക്കാലത്ത് മഹാ ഭാരതം വായിച്ചിരുന്നു. കൊള്ളാം നല്ല ഒരു കഥയെന്ന് തോന്നി. യൗവ്വനത്തിൽ ഒന്നുകൂടി വായിച്ചു. ഇതെന്ത് ജീവന്റെ വികാസ പരിണാമത്തിന്റെ കഥയോ? വലിയ ആകർഷണം തോന്നി. "മാതൃഭൂമി"യിൽ ജോലിയിലിരിക്കവെ ഒരു മാസം അവധിയെടുത്ത് വിളക്കത്ത് വെച്ച് വായിച്ചു. മനസ്സാണ് നമ്മുടെ വിളക്ക്. അത് തുടച്ച് ഏകാഗ്രതയോടെ വായിച്ചപ്പോൾ ഭാരതപര്യടനം എന്ന വിശ്വോത്തര കൃതി പിറവിയെടുത്തു. അതാണ് പ്രിയമുള്ളവരെ കുറുപ്പുസാറിന്റെ ലേഖനം വിളക്കത്ത് വെച്ച് വായിക്കുവാൻ അപേക്ഷിക്കുന്നത്.

## തത്വവിചാരം

മനസ്സിന് കാവലിരിക്കുകയാണ് മനുഷ്യനാകാനുള്ള നല്ല വഴി. കൈയ്യ്, കാല്, കണ്ണ്, നാക്ക് തുടങ്ങിയ അവയവങ്ങൾ കുറേയൊക്കെ നമ്മുടെ ഇച്ഛ അനുസരിക്കും. എന്നാൽ എന്റെ മനസ്സ് എന്റേതല്ലെന്ന് സമ്മതിക്കേണ്ടിവരും. മനസ്സിന്റെ അതിവേഗത്തിലുള്ള ചാഞ്ചാട്ട ആരാൽ നിയന്ത്രിക്കാനാവും. ബുദ്ധി, വിവേകം,

ഇച്ഛാശക്തി ഇതൊക്കെ പ്രവർത്തനക്ഷമമാകാൻ അല്പസമയം വേണം. ബോധപൂർവ്വമായ ശ്രമവും വേണം. അതിനിടെ മനസ്സ് സകല അതിർ വരമ്പുകളും കടന്ന് എത്രയോ ദൂരം ചെന്നിരിക്കും. പിന്നോട്ടു പിടിച്ചാൽ മുന്നോട്ടു ചാടും. താന്തോന്നിയാണ് മനസ്സ്. അതിന് എത്രയോ ഭാവങ്ങളുണ്ട്. മനസ്സിന്റെ സ്വഭാവം നിർണ്ണയിക്കാനാവില്ല. ഈ മനസ്സും ദേഹവും ബുദ്ധിയും അഹങ്കാരവും വിവേകവും വികാരങ്ങളും എല്ലാം ചേർന്നതാണ് ഞാൻ എന്ന് സമ്മതിക്കുന്നു. എന്നാലും ഈ വിവിധ ഘടകങ്ങളിൽ മുഖ്യം മനസ്സു തന്നെ. ഒരു കാരണവും കൂടാതെതന്നെ ഒരാളെ വെറുക്കും. ഭയപ്പെടാൻ ഒരു സാഹചര്യവും ഇല്ലാതിരിക്കെ ഭയപ്പെടും. വിശ്വസിക്കാതിരിക്കാൻ ഒരു കാരണവും ഇല്ലാത്ത ആളെ അവിശ്വസിക്കും. സംശയം മനസ്സിന്റെ സ്വഭാവമാണ്. എപ്പോഴും എവിടെയും താൻ മുന്നിലായിരിക്കണം. സർവ്വാബദ്ധമായ തീരുമാനങ്ങൾ പൂർണ്ണ ശരിയാണെന്ന് സ്വയം നിശ്ചയിച്ച് അബദ്ധത്തിൽ ചാടും. പിന്നിലായിപ്പോയെങ്കിലോ എന്ന് സദാ ഭയപ്പെടും. താൻ വീട്ടിലും നാട്ടിലും അവഗണിക്കപ്പെടുകയാണ് എന്നൊരു അകാരണ തോന്നൽ. ഇങ്ങനെ വേണ്ടാത്ത കുണ്ടുകളിൽ തന്നത്താൻ ചാടുന്ന സ്വഭാവം മനസ്സിനുണ്ട്.

ബലം പ്രയോഗിക്കാതെ അനുനയത്തിൽ നിന്നാൽ ഇവനെക്കൊണ്ട് പല നേട്ടങ്ങളും ഉണ്ടാക്കാനാവും. അതിൽ ഏറ്റവും പ്രധാനമാണ് ആരെയും വെറുക്കാതെ മിത്രമായിക്കാണുവാൻ പരിശീലിപ്പിക്കുക എന്നത്. മറ്റുള്ളവരിൽനിന്ന് അകന്നുമാറി സ്വന്തമായൊരു സാമ്രാജ്യം രൂപപ്പെടുത്തി, അതിൽ ചക്രവർത്തിയായി സ്വയം കരുതി സാമൂഹ്യ വിശുദ്ധനായി കഴിയാനാണ് മനസ്സിനിഷ്ടം. ഇടപെട്ടാൽ നഷ്ടംവരാം. പിന്നിലാക്കപ്പെട്ടാലോ എന്നാണ് ഭയം. സ്ഥാനം നഷ്ടപ്പെട്ടേക്കാം എന്ന് സ്വയം കരുതി ഇടപെടാതിരുന്നു കളയും. ഈ മനസ്സിനെ സാവധാനം സ്വാധീനിച്ച് മറ്റുള്ളവരുമായി ഇടപെട്ട് അവരോടുകൂടി ജീവിക്കുവാൻ പരിശീലിപ്പിക്കണം. ഇതിന് ഉപകരിക്കുന്ന സാധനയാണ് മൈത്രീവിചാരം. എന്റെ കുഞ്ഞു മനസ്സേ, നമുക്ക് മുന്നിലും പിന്നിലും ആകേണ്ടാ, ഒന്നിച്ച് നീങ്ങിയാൽ മതി, അതാണ് ഉത്തമം എന്ന് നിരന്തരം പറഞ്ഞുകൊണ്ടിരുന്നാൽ മതി. പ്രതിജ്ഞയേക്കാൾ ഉത്തമം കേവല

സാധനയാണ്. ഇന്നത്തേതിൽ നിന്ന് വേരോട് നാമ്പ് വ്യത്യസ്തമായ മറ്റൊരു ലോകജീവിതം ലക്ഷ്യമാക്കുന്നവർക്കു മാത്രമേ ഈ സാധന ആവശ്യമായി വരൂ. കേവലം സ്വകാര്യമായ ജീവിതം മാത്രമാണ് സ്വത്തെങ്കിൽ മൈത്രീവിചാരം ശീലിക്കാനാകാതെ വരും. തന്നിൽ കുരുങ്ങിക്കിടക്കാനാണ് മനസ്സിനിഷ്ടം. മനസ്സിന്റെ ഇഷ്ടത്തിന്റെ പിന്നാലെ പോകണമോ, മനുഷ്യത്വത്തിന്റെ പാതയിലേക്ക് മനസ്സിനെ കൊണ്ടുവരണമോ, ഏതാണ് വേണ്ടതെന്ന് ഓരോരുത്തരും സ്വയം നിശ്ചയിക്കണം.

തീർച്ചയായും മനുഷ്യത്വത്തിന്റെ പാതയാണ് നാം തെരഞ്ഞെടുക്കേണ്ടത്. അപ്പോഴാണ് സാധന വേണ്ടിവരുന്നത്. ഒരുവന്റെ സാന്നിദ്ധ്യം മനസ്സ് വെറുക്കുന്നുവെന്ന് കണ്ടെത്തിയാൽ ആ മനുഷ്യനെ അതേ നിലയിൽ അനുതാപപൂർവ്വം ഉൾക്കൊള്ളാൻ സാവധാനം മനസ്സിനെ പ്രേരിപ്പിക്കണം. ആ വ്യക്തിയെപറ്റി അയാൾ എന്തേ ഇങ്ങനെ ആയിപ്പോയി എന്നിങ്ങനെ സ്വയം അന്വേഷിച്ചു തുടങ്ങിയാൽ അനുതാപഭാവം ഉണർന്നുവരും. ഇതാണ് സാധന. വിപരീത സാഹചര്യത്തിലാണ് ഈ സാധന ഏറെ പ്രസക്തമാകുന്നത്. അറിവിന്റെ വെളിച്ചത്തിൽ മാത്രമാണ് സാധന എങ്കിൽ അതു പോരാ. രാവിലെ കുളിച്ച് ഏകാന്തതയിൽ ഇരുന്ന് എല്ലാവരും വേണ്ടപ്പെട്ടവരാണ് എന്ന് വിചാരിക്കുവാൻ ശീലിക്കുന്നത് നല്ലതുതന്നെ. എന്നാൽ കുളിയും ജപവും കഴിഞ്ഞ് ഭക്ഷണത്തിനിരിക്കുമ്പോൾ മനസ്സിനിണങ്ങാത്ത ഒരുവൻ കയറിവരികയും മനസ്സിൽ അസഹ്യത നാമ്പിടുകയും ചെയ്യുമ്പോൾ ആ അസഹ്യതയെ അനുകമ്പയാക്കി മാറ്റാനുള്ള വിചാരം തുടങ്ങാൻ കഴിയുമോ? അതിനൊരു ശ്രമമെങ്കിലും തുടങ്ങിയാൽ സാധന ആയി. ആ സാധന ആരംഭിച്ചാൽ പ്രതികൂല സാഹചര്യങ്ങൾ സാധനയ്ക്കുള്ള സാമഗ്രിയായി മാറും. ദർശനം മൈത്രീ സാധനയെ മോക്ഷമാർഗ്ഗമായിട്ടല്ല വിമോചന പ്രവർത്തനമായിട്ടാണ് അവതരിപ്പിക്കുന്നത്. രണ്ടും പരസ്പര പൂരകമായി കാണാൻ കഴിഞ്ഞാൽ മഹാഭാഗ്യം.

2003 നവംബർ.

## പ്രയോഗം

ഒരു ദിവസം ഞാൻ ഒരു സുഹൃത്തിന്റെ വീട്ടിൽ ചെന്നു. മുറ്റത്തൊരു മാതളം. അതിൽ അങ്ങിങ്ങായി നല്ല ഭംഗിയുള്ള ഉരു

ണ്ടമാതളപ്പഴങ്ങൾ ആടിയുലഞ്ഞു കിടക്കുന്നു. ഒന്നുകിട്ടിയാൽ കൊള്ളാം എന്നെനിക്കു തോന്നി. ഞാൻ ചോദിക്കാത്ത താമസം ഒന്നിന് മൂന്നെണ്ണം അടർത്തി കിറ്റിലാക്കി അദ്ദേഹം എനിക്കുതരും. അതെനിക്കുറപ്പാണ്. സാധനയ്ക്ക് ലഭിച്ച ഒരു സന്ദർഭമാണിത്. എന്റെ സുഹൃത്തിന്റെ വീട്ടുമുറ്റത്ത് വീടിനാകെ അലങ്കാരമായി വളർന്നു നിൽക്കുന്ന മാതളച്ചെടിയും അതിലെ പഴങ്ങളും എത്ര ശ്രദ്ധയോടെ അദ്ദേഹം സംരക്ഷിക്കുന്നുണ്ടാവും. അതവിടെ പ്രശോഭിക്കട്ടെ. അതു തന്നെ എനിക്കും ആ വീട്ടുകാർക്കും ഇനി വരുന്നവർക്കും ആനന്ദം. ഞാൻ ചോദിച്ചില്ല. വേണം എന്ന ആഗ്രഹത്തെ ഒരു സൗന്ദര്യബോധത്തിലേയ്ക്ക് സാവധാനം വികസിപ്പിച്ചെടുത്തു.

ഞങ്ങൾ മൈത്രീ വിചാരത്തെപറ്റി സംസാരിച്ച്, പോരാൻ നേരത്ത് ഗേറ്റ് വരെ അദ്ദേഹവും വന്നു. പെട്ടെന്ന് അദ്ദേഹത്തിന്റെ ശ്രദ്ധ മാതളത്തിൽ പതിഞ്ഞു. ഒരു കിറ്റു കൊണ്ടുവരാൻ സഹധർമ്മിണിയോടു പറഞ്ഞു. എനിക്ക് കാര്യം മനസ്സിലായി ഞാൻ പറഞ്ഞു. “മാതളപ്പഴം വേഗം കൊഴിഞ്ഞുപോകില്ല അതിൽ അതെത്ര സന്തോഷമായി ജീവിക്കുന്നു. കുറച്ചുകൂടി കിടക്കട്ടെ ഇപ്പോൾ പറിക്കല്ലേ. രണ്ടെണ്ണം തന്നെ അദ്ദേഹം വിട്ടുള്ളൂ. ഞങ്ങൾ വണ്ടിവിട്ട് യാത്രപറഞ്ഞു പോന്നു.

വീണ്ടും പ്രതിസന്ധി ആരംഭിച്ചു. ഇതിൽ ഒന്ന് ഡ്രൈവർക്ക് കൊടുത്താലോ. ഓ, അത്യാവശ്യമില്ല. ഞാൻ കൂടുതലും പഴവർഗ്ഗങ്ങൾ കഴിക്കുന്ന കൂട്ടത്തിലാണല്ലോ. ഇദ്ദേഹം എന്തുകിട്ടിയാലും കഴിച്ചു കൊള്ളും. മാതളപ്പഴമാകട്ടെ കിട്ടാൻ എളുപ്പമല്ല. വില കൂടുതലുമാണ്. ഇവിടെ അടുത്ത സാധന ആരംഭിച്ചു. കയ്യിൽ വരുന്നത് മറ്റുള്ളവർക്കുകൂടി കൊടുത്ത് അനുഭവിക്കുന്ന ഒരു സംസ്കാരമല്ലേ നാം ലോകത്തോടാവശ്യപ്പെടുന്നത്. ഒരെണ്ണം ഇദ്ദേഹത്തിനു കൊടുത്താൽ അദ്ദേഹത്തിന് എത്ര സന്തോഷമാകും. അതുവീട്ടിൽ കൊണ്ടുപോയി ആ വീട്ടുകാരും സന്തോഷമായി കഴിക്കട്ടെ. മനസ്സ് വീണ്ടും വികസിക്കാൻ തുടങ്ങി. ഞങ്ങൾ വീട്ടിലെത്തി. ഇറങ്ങാൻ നേരത്ത് “ഒരെണ്ണം എടുത്തുകൊള്ളൂ” എന്നു പറഞ്ഞ് ഞാൻ കിറ്റ് അദ്ദേഹത്തിന്റെ കയ്യിൽ കൊടുത്തു. “എന്റെ ചേട്ടാ ഞാനിതൊന്നും കഴിക്കാറില്ല എനിക്കു വേണ്ടാ” എന്നു പറഞ്ഞ് അദ്ദേഹം നിരസിച്ചു. “വീട്ടിൽ കുട്ടികളില്ലേ? അവർക്കു കൊടുക്കൂ” എന്നു പറഞ്ഞപ്പോൾ കിറ്റു തുറന്ന് അതിൽ ചെറുത് അദ്ദേഹം നോക്കി എടുത്തു.

മനസ്സിൽ എടുക്കാൻ സന്തോഷവും കൊടുക്കാൻ സങ്കടവുമാണെന്ന് ഋഷിമാർക്ക് നന്നായി അറിയാമായിരുന്നു. അതുകൊണ്ടാണ് ഈശാവാസ്യോപനിഷത്തിൽ അവർ ഇങ്ങനെപാടിയത് "ത്യക്തേനഭുഞ്ജീഥാ" കൊടുത്തു കഴിക്കൂ. ഈ മന്ത്രം സാധന ചെയ്ത് ശീലിക്കാൻ തുടങ്ങുമ്പോഴാണ് ജന്തു, മനുഷ്യനാകാൻ തുടങ്ങുന്നത്. സാധന എപ്പോഴും പൂർണ്ണമായി വിജയിച്ചെന്നു വരില്ല. എങ്കിലും തുടരാൻ കഴിയും.

ഈയിടെ ഒരു ദിവസം ഉച്ചതിരിഞ്ഞ സമയം. തലകറക്കം വന്ന് എഴുന്നേറ്റിരിക്കാൻ വയ്യാതെ ഞാൻ വീട്ടിൽ കിടക്കുകയായിരുന്നു. ഒരാൾ പുറത്തുവന്നു. രമയ്ക്ക് ആളെ മനസ്സിലായി. വിറകുവെട്ടുകാരനായിരുന്നു. നെഞ്ചുവേദന കാരണം ഇപ്പോൾ പണിക്കൊന്നും പോകാറില്ല. ഇടയ്ക്കിടയ്ക്ക് വീട്ടിൽ വരും. ഞാൻ എന്തെങ്കിലും കൊടുക്കുകയും ചെയ്യും. ഞങ്ങൾ കുശലപ്രശ്നം ചെയ്ത് പിരിയും. ഇന്നു വന്നപ്പോൾ രമ കാര്യം പറഞ്ഞു. "അച്ഛന് സുഖമില്ല. വിശ്രമിക്കുകയാണ്. ഇനി ഒരു ദിവസം വരൂ". ഇതു പറഞ്ഞത് അകത്തുകിടന്ന് ഞാൻ കേട്ടു. എനിക്ക് ആളെ മനസ്സിലായില്ല. രമ എന്നോടൊന്നും പറഞ്ഞുമില്ല. കുറച്ചുകഴിഞ്ഞപ്പോൾ "സാറെ, സാറെ" എന്നു വിളിച്ചുകൊണ്ട് ഈ മനുഷ്യൻ എന്റെ അടുത്ത് വന്നു നിൽക്കുന്നു. എനിക്ക് അസഹ്യത തോന്നി. ഞാൻ മിണ്ടാതെ കിടന്നു. "സാറിനെന്തുപറ്റി"? അയാൾ ചോദ്യം ആവർത്തിച്ചു. പെട്ടെന്ന് ഞാൻ സാധകനായി. എന്റെ സുഹൃത്തുക്കൾ ആരെങ്കിലുമാണ് വന്നിരുന്നതെങ്കിൽ ഞാൻ എത്ര സന്തോഷമായി സ്വീകരിക്കുമായിരുന്നു. എന്തു കാരണത്താലാണ് ഈ മനുഷ്യനെ വെറുക്കുന്നത്. ധനികനല്ല എനിക്ക് ഈ ആളെക്കൊണ്ട് ജീവിതത്തിൽ ഒന്നും നേടാനില്ല. ശല്യമാണ്. മനസ്സിൽ ശേഖരിച്ച് വെച്ചിട്ടുള്ള പൂർവ്വസംസ്കാരങ്ങളെല്ലാം കൂടി ഉണർന്ന് എന്നെ സങ്കോചിപ്പിച്ച് കഠിനഹൃദയനാക്കുകയല്ലേ? എന്നു ഞാൻ ചിന്തിച്ചു. എന്റെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു ഞാൻ ഇരിക്കാൻ പറഞ്ഞു. പതിഞ്ഞ സ്വരത്തിൽ എന്റെ അസുഖങ്ങൾ കേൾപ്പിച്ചു. അയാളെപ്പറ്റി അന്വേഷിച്ചു. പത്തു രൂപയും കൊടുത്ത് യാത്രയാക്കി. വീണ്ടും മനസ്സ് സങ്കോചിക്കും എന്ന് ഞാൻ സമ്മതിക്കുന്നു. എന്നാൽ വീണ്ടും വികസിക്കുകയും ചെയ്യും. സങ്കോചവും ഒരനുഗ്രഹം തന്നെ, പൗരുഷം പ്രയോഗിക്കാനവസരം കിട്ടും. സങ്കോചവും വികാസവും പുരോഗതിക്കു

വേണം.

നമ്മുടെ ഇന്ദ്രിയങ്ങളെല്ലാം അവരവർക്ക് സുഖാസ്വാദനത്തിനുള്ളവയാണ്. നമ്മുടെ മാത്രമല്ല; സകല ജീവജാലങ്ങളും അവനവനുവേണ്ടിയാണ് ജീവിക്കുന്നത്. നമ്മളും അങ്ങിനെ ആയിപ്പോകുന്നത് സ്വാഭാവികം തന്നെ. താണു താണുപൊയ്ക്കൊള്ളട്ടെ. അതോടൊപ്പം നാം ഉറപ്പായി മനസ്സിലാക്കേണ്ട ഒരു വസ്തുത ഉണ്ട്. മനുഷ്യൻ താണാൽ അവൻ കൂടെയുള്ളവരെയും താഴ്ത്തും. എല്ലാ ജീവരാശികളേയും അപകടത്തിലാക്കും അവനും അപകടത്തിലാകും. അവന്റെ ഉൽപന്നം വിഷം ചേർത്തു വിൽക്കും. അവൻ വാങ്ങുന്നതും വിഷമയമായിരിക്കും. ബോധപൂർവ്വം പരസ്പരം പരിഗണിച്ച് കൈകോർത്ത് ഒന്നിച്ച് മുന്നേറേണ്ട ഒരു സവിശേഷ ജന്തുവർഗ്ഗമാണ് നാം രക്ഷപ്പെടാൻ മറ്റൊരു വഴിയില്ല. അകന്നുനിന്ന് പരസ്പരം തോൽപിച്ച് പിടിച്ചടക്കി ജയക്കൊടിനാട്ടി ഭൂമിയെ സ്വസ്ഥമാക്കാൻ ഒരിക്കലും സാധ്യമല്ല.  അതിനുള്ള മാർഗ്ഗമാണ് മൈത്രീ വിചാരം. ഭരണരംഗത്തായാലും, സാമ്പത്തിക രംഗത്തായാലും, വിദ്യാഭ്യാസ രംഗത്തായാലും കൃഷിയിലോ ആരാധനയിലോ എവിടെ ആയാലും ഓരോരുത്തരും എല്ലാവർക്കും വേണ്ടിയാണുള്ളത് എന്ന വികസിതബോധത്തിനല്ലാതെ നമ്മെ സ്വസ്ഥമാക്കാൻ മറ്റൊന്നിനും സാദ്ധ്യമല്ല. ഒരു വ്യക്തി ഈ സാധന ചെയ്യാൻ തുടങ്ങിയാൽ: ആ വ്യക്തിക്ക് ഹൃദയശുദ്ധി വന്ന് പ്രത്യേക ആനന്ദം അനുഭവമാകും. ഭാരം കുറഞ്ഞുവരും അതോടൊപ്പം തന്നെ, ലോകത്തിനാകെ ഒരു പരിവർത്തന ശക്തിയായി രൂപാന്തരപ്പെടുകയും ചെയ്യും. എല്ലാ തരത്തിലും ഉൽക്കൃഷ്ടമായ  ഈ പരസ്പരാനന്ദ സാധന ദർശനം വായനക്കാരെല്ലാവരും അവരുടെ കുടുംബാംഗങ്ങളും ചെയ്തുതുടങ്ങണമെന്ന് ദർശനം അപേക്ഷിക്കുന്നു.

2003 ഡിസംബർ.

## മദ്യദുരന്തം

മരുന്നുകൊടുക്കുന്നതിനിടെ കൈകുഞ്ഞുമായി ഒരു യുവതി അവരുടെ അമ്മയോടൊപ്പം വന്നു. തലവേദന. അത് കണ്ടാൽ തന്നെ അറിയാം. വീർത്തുകെട്ടിയ മുഖം. യുവതിയ്ക്ക് ഒന്നും പറയാൻ തന്നെ കഴിയുന്നില്ല. അവളുടെ അമ്മ നിറകണ്ണുകളോടെ പറഞ്ഞു. അവളുടെ ഭർത്താവ് ഇന്നലെ കള്ളും കുടിച്ചിട്ട് വന്ന് പിടിച്ച് അടി

ച്ചതാണ്. അവന് കള്ള് കുടിച്ചാൽ പിന്നെ ഭ്രാന്താണ്. കൂടുത ലൊന്നും ചോദിക്കാതെ ഞാൻ മരുന്നുകൊടുത്തു. അകത്തുകൊ ണ്ടുപോയി രണ്ടുപഴവും വെള്ളവും കൊടുത്തു. ഭർത്താവ് ഒരു കുടിയനാണോ എന്ന് ഞാൻ ചോദിച്ചു. അല്ല ഡോക്ടറെ നല്ല മനു ഷ്യനാണ്. ഞങ്ങളെ കാര്യമാണ് വേണ്ടതെല്ലാം ചെയ്യും. ചില ദിവ സങ്ങളിൽ കുടിക്കും. പിന്നെ ബോധം കാണില്ല. ഉപദ്രവമാണ്. കെട്ടു വിടണമെങ്കിൽ നേരം വെളുക്കണം. പിന്നെ മാപ്പുപറഞ്ഞ് മരുന്ന് വാങ്ങിത്തരും. ഇന്നലെ സഹികെട്ട് വീട്ടുകാരെവിളിച്ച് എന്റെ വീട്ടി ലേക്ക് പോന്നു. വിവരങ്ങൾ കേട്ടിട്ട് ഞാൻ പറഞ്ഞു. കത്രിക ഇപ്പോൾ ഉപയോഗിക്കേണ്ട കുഞ്ഞേ. ഭർത്താവ് മദ്യപിച്ച് വരു മ്പോൾ അനുനയത്തിൽ നില്ക്കണം. ഒന്നിനും തർക്കിക്കരുത്. ഇഷ്ട മുള്ളതൊക്കെ പറയട്ടെ. രാവിലെ സ്നേഹത്തോടെ ഇതൊഴിവാ ക്കാൻ അപേക്ഷിച്ച് നോക്ക്. ഇത് കേട്ട് കുട്ടനാടുകാരിയായ അവർ പറഞ്ഞു "എന്റെ ഡോക്ടറെ തോട്ടിൽകൂടെയും മേലാ ആറ്റീക്കൂ ടെയും മേലാ എന്നുപറയുമ്പോലെയാണ്. ഞാൻ മിണ്ടാതിരുന്നാൽ നീ മിണ്ടത്തില്ലാ അല്ലേ നിന്റെ വീട്ടുകാരോടെ മിണ്ടൂ എന്ന് പറഞ്ഞ് അടിയും കഴിയും. മറുപടി പറഞ്ഞാൽ അവളൊരു വക്കീല് അപ്പോളും അടി ഉറപ്പാ എനിക്ക് പേടിയാ ഡോക്ടറെ ഞാൻ ഇനി പോകുന്നില്ല". ഇത് കേട്ട് അല്പസമയം എനിക്ക് മിണ്ടാൻ കഴി ഞ്ഞില്ല. നിഷ്പ്രയോജനമായ രണ്ടിറ്റ് കണ്ണീര് ആ സഹോദരിയോ ടൊപ്പം ഒഴുക്കുകയല്ലാതെ എനിക്ക് ഒന്നും ചെയ്യാൻ ഉണ്ടായിരു ന്നില്ല. നാട്ടിലിതൊക്കെ പതിവാണെന്ന് കരുതി ഒഴിയാനാവുമോ. ജനം ഉണർന്ന് പ്രവർത്തിക്കേണ്ടതാണ്. വളരെ പേരുടെ ബോധവ ത്കരണവും പരിശ്രമവും നടക്കുന്നുണ്ട്. മദ്യനിരോധനത്തിനായി മഹാനായ എം.പി. മന്മഥന്റെ നേതൃത്വത്തിൽ എന്തെന്ത് ബോധവ ത്കരണവും സമരങ്ങളും നടത്തി. ഇപ്പോൾ മദ്യവർജ്ജന സമി തിയും വി.എം. സുധീരനെപോലുള്ള നേതാക്കളും ആത്മാർത്ഥ മായി പരിശ്രമിക്കുന്നു. **എങ്കിലും വിഷമയമായ ഈ മദ്യം അതിലും വിഷമയമായ രാഷ്ട്രീയവുമായി ചേർന്ന് ഒന്നായി നമ്മേയും നമ്മുടെ തലമുറയേയും നശിപ്പിക്കുകയാണ്. ജനാരോഗ്യ പ്രസ്ഥാ നത്തിലൂടെ കേരളമാകെ പ്രകൃതിജീവന രീതികൾ പഠിപ്പിക്കുന്ന ഡോക്ടർ ജേക്കബ് വടക്കൻചേരിയുടെ മദ്യത്തിനെതിരായ ഒരു ലേഖനം ഇതാ ഇവിടെ ചേർക്കുന്നു. തുടർന്ന് വായിച്ചാലും.**

# മദ്യനിരോധനം ഈ കാലഘട്ടത്തിന്റെ അടിയന്തിരാവശ്യം.

**ഡോ: ജേക്കബ് വടക്കൻചേരി.**
ഫോൺ: 9496044500

മദ്യനിരോധനം വിജയിക്കില്ലെന്നും വ്യാജമദ്യം ഒഴുകുമെന്നും മദ്യദുരന്തങ്ങൾ ഉണ്ടാകുമെന്നും മുറവിളി കൂട്ടുകയാണ് മദ്യവില്പനാവാദികൾ, മദ്യനിരോധനം പരാജയമാകുമെങ്കിൽ മദ്യവില്പന യാവണമല്ലോ വിജയം? കാശുവാരിക്കൂട്ടുന്ന അബ്കാരികൾക്കും പങ്ക് പറ്റുന്ന രാഷ്ട്രീയക്കാർക്കും അത് വിജയമായിരിക്കാം. മദ്യം ഇവിടെ യഥേഷ്ടം ഒഴുകിയപ്പോൾ വിവാഹ മോചനങ്ങൾകൂടി. ഭർത്താക്കന്മാരെ വെട്ടിനുറുക്കികൊല്ലുന്ന സഹികെട്ട ഭാര്യമാരും, ലഹള കൂട്ടുന്ന മക്കളെ കൊല്ലുന്ന അച്ഛന്മാരും, അമ്മയെ തല്ലുന്ന അച്ഛനെ വധിക്കുന്ന മക്കളും, പിഞ്ചുകുഞ്ഞുങ്ങളെ നിലത്തടിച്ചു കൊല്ലുന്ന മദ്യ കംസന്മാരുമൊക്കെ പെരുകിയതും അല്ലേ യഥാർത്ഥ മദ്യദുരന്തം? മാരകരോഗങ്ങളും റോഡപകടങ്ങളും അടിപിടികളും മോഷണങ്ങളും മദ്യദുരന്തങ്ങളല്ലേ? മദ്യവില്പനയുടെ ഭീകരതകളല്ലേ ഇവയെല്ലാം. അവയുമായി താരതമ്യം ചെയ്താൽ മദ്യനിരോധനം വരുമ്പോൾ ഒളിച്ചും പതുങ്ങിയും കുടിക്കുന്ന ചിലരുടെ 'മിണ്ടാതെ കിടന്നുള്ള മരണം' ഭരിക്കുന്ന സർക്കാരിന്റെ കഴിവുകേട് മാത്രമായിരിക്കും. നാടിനെ രക്ഷിക്കാനുള്ള നിയമങ്ങൾ പോലും നടപ്പിലാക്കാൻ കഴിയാത്ത 'ഷണ്ഡന്മാരുടെ' സർക്കാരിനെ ആർക്കുവേണം? മദ്യനിരോധനം എവിടെയെങ്കിലും പിൻവലിച്ചിട്ടുണ്ടെങ്കിൽ അത് പരാജയമായതുകൊണ്ടല്ല മദ്യവില്പനക്കാരും രാഷ്ട്രീയക്കാരും ചേർന്ന് പരാജയപ്പെടുത്തിയിട്ടാണ്.

സമ്പൂർണ്ണ മദ്യനിരോധനം പ്രഖ്യാപിക്കുന്ന നിമിഷം മുതൽ മദ്യപിച്ച് പുറത്തിറങ്ങാൻ ആർക്കും കഴിയാതെയാകും. മദ്യപിച്ച് വീട്ടിൽ ബഹളമുണ്ടാക്കിയാലും ആള് അകത്താകും. വീട്ടിൽ വാറ്റിയാലും നാട്ടിൽ വാറ്റിയാലും മറ്റുള്ളവരുടെ കണ്ണിൽപെടാതെ കിടന്നുറങ്ങുകയേ നിർവ്വാഹമുള്ളൂ.

പൊതുസ്ഥലങ്ങളിലെ പുകവലി കേരള ഹൈക്കോടതി നിരോധിച്ചിട്ടുണ്ടല്ലോ. ആരെങ്കിലും അത് പരാജയമാണെന്ന് പറയുമോ? ചിലരെല്ലാം ഇപ്പോഴും പുകവലിക്കുന്നതിനാൽ ആ നിയമം പിൻവലിക്കണമെന്നു പറയുമോ? ഒരു നിയമം പ്രഖ്യാപിക്കുമ്പോൾ തന്നെ മാന്യന്മാരായ എൺപതു ശതമാനം ജനങ്ങളും അത് അപ്പോൾ മുതൽ അനുസരിക്കും. ബാക്കിയുള്ളതിൽ പത്തുശതമാനം പേർ ശിക്ഷയെ പേടിച്ച് അതനുസരിക്കും. പിന്നെയുള്ള പത്തുശതമാനം നിയമം ലംഘിക്കും; കോടിതി കയറും, ജയിലിൽ കിടക്കും, പിന്നെയും ലംഘിക്കും... അല്ലെങ്കിൽ പിന്നെ എന്തിനാണ് സർക്കാർ പോലീസിനെ തീറ്റിപോറ്റുന്നത്? കോടതികളും ജയിലും ആദ്യമേ ഉണ്ടാക്കിവെയ്ക്കുന്നത്.

മദ്യം നിരോധിച്ചാലും കുടിക്കുന്ന പൂരക്കുടിയന്മാർക്കുവേണ്ടി സർക്കാർ മദ്യവില്പന തുടരുകയും അതുവഴി ഭാവിതലമുറകളെ കൂടെ മദ്യപന്മാരാക്കുകയും ചെയ്യേണ്ടതുണ്ടോ എന്നതാണ് യഥാർത്ഥ ചോദ്യം. ജനസംഖ്യയിൽ പകുതിയിൽ അധികം വരുന്ന സ്ത്രീകൾ മദ്യപാനികളല്ല. അവർക്കുവേണ്ടിയല്ല മദ്യഷാപ്പുകൾ. ബാക്കിയുള്ള പുരുഷന്മാരിൽ കുടിക്കാത്ത എത്രയോ പേരുണ്ട്. കുടിക്കുന്നവരിൽ തന്നെ എവിടെയും മദ്യം കിട്ടുന്നത്കൊണ്ട് കുടിക്കുന്നവരാണ് ഭൂരിഭാഗവും. മദ്യം ഇല്ലാതെവരുന്നതിൽ മുഴുക്കുടിയന്മാരായ തൊണ്ണൂറ് ശതമാനവും ആശ്വസിക്കുന്നവരായിരിക്കും. എങ്ങനെയെങ്കിലും കുടിനിർത്താൻ സഹായിക്കണമെന്ന് കരഞ്ഞപേക്ഷിച്ച് കൊണ്ട് എത്രയോ മുഴുക്കുടിയന്മാരാണ് ഡീ അഡിക്ഷൻ സെന്ററുകളിലും പ്രകൃതി ചികിത്സാലയങ്ങളിലും വരുന്നത്.

മദ്യം ഇല്ലാതാകുന്നതിനെ സർവ്വശക്തിയുമെടുത്ത് എതിർക്കുന്നത് മനുഷ്യരെ കുടിപ്പിച്ച് കാശുണ്ടാക്കുന്ന 'മദ്യദുഷ്ടന്മാർ' മാത്രമാണ്. വ്യക്തിസ്വാതന്ത്ര്യം, നിരോധന പരാജയം, തൊഴിൽ നഷ്ടം, റവന്യൂനിഷ്ടം എന്നിങ്ങഅങ്ങനെയുള്ള പല ന്യായവാദങ്ങളും അവർ നിരത്തും.

## റവന്യൂ നഷ്ടപ്പെടുമോ?

കുടിയന്മാരുടെ കൊലപ്പണമാണ് മദ്യറവന്യൂ. പക്ഷെ അതു നിലയ്ക്കുമ്പോൾ കൂടുതൽ നികുതികൾ സർക്കാർ ഏർപ്പെടുത്തും

എന്ന പേടിയാണ് ചിലർക്കുള്ളത്. മന്ത്രി മാണിയുടെ വാക്കുകൾ ആ പേടിയെ ഇരട്ടിപ്പിക്കുകയും ചെയ്യും. 7000 കോടിയിലധികമാണ് മദ്യം നിർത്തുമ്പോൾ സർക്കാരിനുണ്ടാകുന്ന റവന്യൂ നഷ്ടമത്രെ! 7000 കോടി മദ്യത്തിൽ നിന്നും സർക്കാരിനു കിട്ടുമ്പോൾ എത്ര കോടിയാണ് മദ്യമുതലാളിമാർക്ക് കിട്ടുന്നത്? ചുരുങ്ങിയത് എഴുപതിനായിരും കോടി! മദ്യ നിരോധനം വന്നാൽ രൂപയ്ക്ക് എന്താണു സംഭവിക്കുക? മദ്യം കഴിക്കാൻ ചെലവാക്കിയിരുന്ന തുക മനുഷ്യർ വലിച്ചെറിയുമോ? ഇല്ലെന്ന് മാത്രമല്ല ചായക്കടകളിലും അരിക്കടയിലും തുണിക്കടയിലുമൊക്കെ ഈ പണം ജനങ്ങൾ നല്കുകയാണ് ചെയ്യുക. പിന്നെ അല്പം സമ്പാദ്യവും.

ചെല്ലാനം ഭാഗത്തെ ഫാ. ഫിർമസ് കാച്ചപ്പള്ളിയുടെ നേതൃത്വത്തിൽ അതിശക്തമായ മദ്യവിരുദ്ധ സമരങ്ങൾ നടന്നിരുന്നു. നിരവധി ഷാപ്പുകൾ പൂട്ടിയ തീരദേശം ശാന്തമായി. അവിടെ ഞങ്ങളൊരു സർവ്വേ നടത്തിയിരുന്നു. ചായക്കടകളിൽ മൂന്നുകുപ്പി പാല് ഉപയോഗിച്ചിരുന്ന സ്ഥാനത്ത് ഏഴുകുപ്പി പാലും പോരാതെ വന്നാൽ പായ്ക്കറ്റ് പാലും ഉപയോഗിക്കുന്ന അവസ്ഥയായി. എൺപതു കിലോ അരി വിറ്റിരുന്ന ഒരു അരിക്കടയിൽ നൂറ്റമ്പതു കിലോ അരി വില്പനയായി. സ്കൂളുകളിൽ ഹാജർ കൂടി. ഫീസ് അടയ്ക്കാത്തതിനാൽ കുട്ടികളെ ക്ലാസിന് പുറത്ത് നിർത്തുന്നത് നിന്നു. അവർ നല്ല വസ്ത്രങ്ങൾ ധരിക്കുന്നു എന്നത് ടീച്ചർമാർ തിരിച്ചറിഞ്ഞു. വീട്ടിൽ സമാധാനമായതോടെ കുട്ടികളുടെ പഠനനിലവാരവും ഉയർന്നു.

മദ്യത്തിന് ചെലവാക്കുന്ന പണം മറ്റു രീതിയിൽ ജനം ചെലവാക്കുമ്പോഴും സർക്കാരിന് പലവിധ നികുതികൾ കിട്ടും. അതേസമയം ക്രിമിനൽ കേസുകൾ, ആശുപത്രി കേസുകൾ, റോഡപകടങ്ങൾ തുടങ്ങിയ സാമൂഹ്യദുരന്തങ്ങൾക്ക് ഏഴായിരത്തിലുമധികം കോടികൾ സർക്കാർ ചെലവാക്കുന്നുണ്ട്. ആ ചെലവ് വളരെ കുറഞ്ഞു കിട്ടും. നികുതി ഇനത്തിലും ബാങ്കുകളുടെ കിട്ടാക്കടത്തിലും വലിയ ഒരു പങ്കാണ് കുടിയന്മാരുടേത്. മദ്യം ഇല്ലാതാകുന്നതോടെ കൂടുതൽ നികുതിയാണ് സത്യത്തിൽ സർക്കാരിന് കിട്ടുന്നത്. മദ്യനിരോധനത്തിലൂടെ സംസ്ഥാനത്തിനുണ്ടാകുന്ന റവന്യൂ നഷ്ടത്തിന്റെ ഒരു ഭാഗം കേന്ദ്രം വഹിക്കണമെന്നും വ്യവസ്ഥയുണ്ട്.

## ഗുജറാത്തിന്റെ അനുഭവം

സ്വാതന്ത്ര്യത്തിനു ശേഷം മദ്യം വിറ്റിട്ടില്ലാത്ത ഗുജറാത്തിൽ ദിവസവും മദ്യദുരന്തങ്ങൾ ഉണ്ടാകുന്നില്ല. റവന്യൂ നഷ്ടമല്ല കൂടുതൽ പുരോഗതിയാണ് ഉണ്ടാകുന്നത്. ടൂറിസ്റ്റുകളുടെ എണ്ണവും കുറഞ്ഞിട്ടില്ല. ചെറുപ്പക്കാർ മദ്യപാനികളും ആകുന്നില്ല, കേരളത്തിൽ ഉണ്ടായ പത്തോളം മദ്യദുരന്തങ്ങൾ മദ്യനിരോധനം ഏർപ്പെടുത്തിയത് കൊണ്ട് ഉണ്ടായതല്ലല്ലോ? പല കൊലപാതകങ്ങളും സർക്കാർ ഷാപ്പുകളിൽ നിന്നുതന്നെയാണ് ഉണ്ടായിട്ടുള്ളതും.

ഗുജറാത്തിൽ മദ്യം ഒട്ടും കിട്ടില്ല എന്നാരും പറയില്ല. കൊലപാതകവും കളവും സ്ത്രീധനവും പൊതുസ്ഥലങ്ങളിലെ പുകവലിയും നിരോധിച്ചിട്ടും അവയെല്ലാം നടക്കുന്നതുപോലെ സാമൂഹ്യവിരുദ്ധർ മദ്യം വില്ക്കുകയും കുടിക്കുകയും ചെയ്യുന്നുണ്ടാകും. പക്ഷെ ഗുജറാത്തിലെ ചെറുപ്പക്കാരുടെ ഇടയിൽ മദ്യപാനം നമ്മുടെ ചെറുപ്പക്കാർക്കിടയിലുള്ളതിന്റെ ഒരംശം പോലുമില്ല. ഗുജറാത്തിന്റെ വളർച്ചയ്ക്കും അഭിവൃദ്ധിക്കും കാരണം, മദ്യംകൊണ്ടുള്ള തകർച്ചകൾ വ്യക്തിയ്ക്കും കുടുംബത്തിനും നാടിനും ഇല്ലാത്തതുകൊണ്ട് കൂടെയാണ്. കേരളത്തിലെ മുസ്ലീം സമുദായത്തിന്റെ വളർച്ചയും പുരോഗമനവും മദ്യപാനം ഏറ്റവും കുറഞ്ഞിരിക്കുന്നു എന്നതിന്റെ ഗുണഫലമാണ്.

## മദ്യനിരോധനം നാളെയുടെ നന്മയ്ക്ക്

ചുരുക്കത്തിൽ ഇന്ന് സർക്കാർ കുടിപ്പിച്ച് നശിപ്പിച്ചു കഴിഞ്ഞ നിർഭാഗ്യവാന്മാർക്കു വേണ്ടിയല്ല മദ്യനിരോധനം; നാളെയുടെ ചെറുപ്പക്കാർക്കു വേണ്ടിയാണ്. എവിടെ തിരിഞ്ഞാലും മദ്യം കിട്ടുന്ന ഒരു നാട്ടിൽ മദ്യപനെ സമീപിക്കാനും നന്നാക്കാനും ആർക്കും കഴിയില്ല. മദ്യത്തിൽ നിന്നും മനുഷ്യരെ രക്ഷിക്കാനുള്ള മദ്യവർജ്ജനപ്രവർത്തനങ്ങൾക്ക് അനുകൂലമായ അന്തരീക്ഷം ഉണ്ടാക്കാനാണ് സർക്കാർ മദ്യവില്പന അവസാനിപ്പിക്കേണ്ടതും മദ്യം നിരോധിക്കേണ്ടതും.

മദ്യ നിരോധനത്തിനായി ശബ്ദമുയർത്താനും ജാഗ്രത പാലിക്കാനും എല്ലാവരോടും അഭ്യർത്ഥിച്ചുകൊണ്ട്.

# “പുതിയ ലോകം പുതിയ വഴി” ഒരു അനുചിന്തനം

(ഭാഗം 15)

*(ദർശനത്തിന്റെ ബൈബിളായ പുതിയ ലോകം പുതിയ വഴിയിലൂടെ ശ്രീ. ജോർജ്ജ് മൂലേച്ചാലിന്റെ കൈപിടിച്ച് ഒരു പഠനയാത്ര തുടരുന്നു, കൂടെ പോന്നോളൂ)*

## തൊഴിലിന്റെ പ്രേരണ, പ്രതിഫലം

പങ്കജാക്ഷൻ സാറിന്റെ ഭാവനയിലുള്ള യജ്ഞമല്ല, ഇന്നു തൊഴിൽ. യജ്ഞമെന്ന വാക്കുതന്നെ മൂല്യവത്തായ ഒരു ജീവിതത്തെ കുറിക്കുന്നതാണ്. മൂല്യവത്തായ ജീവിതംപോയിട്ട് ജീവിതംതന്നെ മാറ്റിവച്ചുള്ള ഉപജീവനലക്ഷ്യംമാത്രമാണ് ഇന്നത്തെ മനുഷ്യനുള്ളത്. അതുകൊണ്ട്, ഏതെങ്കിലുമൊരു ഉൾപ്രേരണയാൽ പ്രചോദിതരായിട്ടല്ല; മറിച്ച്, ഉപജീവനത്തിനാവശ്യമായിരിക്കുന്ന പ്രതിഫലമെന്ന ബാഹ്യപ്രേരണയാൽ പ്രലോഭിതരായാണ് ഇന്നു മനുഷ്യൻ തൊഴിൽ ചെയ്യുന്നത്. ഈ പ്രതിഫലം ഒന്നുകിൽ കൂലിയാകാം, അല്ലെങ്കിൽ ലാഭമാകാം- തൊഴിൽ ചെയ്യുന്നവന് പ്രതിഫലം കൂലിയും, തൊഴിൽ ചെയ്യിക്കുന്നവർക്കു പ്രതിഫലം ലാഭവും. കൂലിയും ശമ്പളവും ലാഭവുമെല്ലാം പണത്തിന്റെ രൂപത്തിലാകയാൽ, എല്ലാ തൊഴിലുകാർക്കും ഉദ്യോഗസ്ഥർക്കും ബിസിനസ്സുകാർക്കും, സേവനപ്രവർത്തനങ്ങൾ ചെയ്യുന്നവർക്കുപോലും, പ്രേരണയായി വർത്തിക്കുന്നത് പണമാണെന്നും കാണാം. അങ്ങനെ നോക്കുമ്പോൾ, പണമെന്ന പ്രതിഫലത്തിനുവേണ്ടി കൂലിപ്പണി ചെയ്യുന്നവരാണ് നാമുൾപ്പെടുന്ന ഈ മുഴുവൻ വിഭാഗങ്ങളും എന്നു വരുന്നു.

എന്തിന്റെയും പ്രേരണ പണമാകുമ്പോൾ, മനുഷ്യനിൽ നൈസർഗ്ഗികമായുള്ള ഉൾപ്രേരണകൾക്കു പ്രസക്തി നഷ്ടപ്പെടുകയും അവയുടെ കൂമ്പടയുകയും ചെയ്യുന്നു. ഈ സാഹചര്യം പണത്തിന് ആധിപത്യമുള്ള വ്യവസ്ഥിതികൾ രൂപപ്പെടുത്തുകയും വ്യവസ്ഥാപിതമാക്കുകയും ചെയ്യുന്നു. മനുഷ്യത്വത്തിന്റെ വേരുകൾ മനുഷ്യനിൽനിന്നു മുറിച്ചുമാറ്റപ്പെടാൻ ഇതിടയാക്കുന്നു. അതിനർത്ഥം, മനുഷ്യബന്ധം നിലനിർത്താനും വളർത്താനും കഴിയാത്ത ഒരന്തരീക്ഷം സംജാതമാകുന്നു എന്നതാണ്. നിലനിൽപ്പുതന്നെ

പണത്തെ ആശ്രയിച്ചാകുമ്പോൾ, അതിനിടയിലെങ്ങനെ ബന്ധങ്ങളെ പരിഗണിക്കാനാവും? ബന്ധങ്ങളെല്ലാം സാമ്പത്തിക ബന്ധങ്ങളാകുകയാണ്, മനുഷ്യജീവിതം വെറും സാമ്പത്തികമാത്രജീവിതമാകുകയാണ്. മനുഷ്യന്റെ സകല തൊഴിലുകളെയും പ്രവൃത്തികളെയും സാമ്പത്തികപ്രതിഫലമെന്ന പ്രേരണ പൊതിഞ്ഞുനിൽക്കുകയാണ്.

ജീവിതത്തിനു മുകളിൽ ഉപജീവനത്തെ പ്രതിഷ്ഠിച്ച് ജീവിതത്തെ നിഷേധിക്കുന്ന ആത്മഹത്യാപരമായ ഇന്നത്തെ ഈ സാഹചര്യത്തെ സൃഷ്ടിപരമായി മാറ്റിമറിക്കേണ്ടതുണ്ട്. മനുഷ്യനെയും അവനിലുറഞ്ഞുകിടക്കുന്ന അനന്തസാധ്യതകളെയും വീണ്ടെടുക്കേണ്ടതുണ്ട്. അതിന് മനുഷ്യബന്ധങ്ങളുടെ അടിസ്ഥാനത്തിൽ പുതിയൊരു ലോകം കെട്ടിപ്പടുക്കേണ്ടതുണ്ട്. പങ്കജാക്ഷൻ സാർ മുന്നോട്ടുവച്ചിരിക്കുന്ന അയൽക്കൂട്ടസമൂഹദർശനം ലക്ഷ്യമിടുന്നതതാണ്.

പക്ഷേ അദ്ദേഹം ഭാവനചെയ്യുന്ന പുതിയ ലോകത്തിലും, പ്രവൃത്തികൾക്കുപിന്നിൽ ഏതെങ്കിലും തരത്തിലുള്ള പ്രേരണ ആവശ്യമല്ലേ? ആ പ്രേരണയുടെ സ്വഭാവമെന്തായിരിക്കും? ഇതു സംബന്ധിച്ചു വ്യക്തത കൈവരേണ്ടതാവശ്യമാണ്. തൊഴിലിനെക്കുറിച്ചു മുമ്പു നടത്തിയ വിശദീകരണത്തിൽ അതുസംബന്ധിച്ച് സൂചനയുണ്ടായിരുന്നെങ്കിലും, ഗുരുമുഖത്തുനിന്ന് അതേക്കുറിച്ച് കൂടുതൽ വ്യക്തത നേടുന്നതിനുവേണ്ടിയാകണം, “അപ്പോൾ തൊഴിലിന്റെ പ്രേരണ എന്തായിരിക്കും?” എന്ന ചോദ്യം സംവാദത്തിൽ ഉയർന്നുവന്നത്. അതിനു മറുപടിയായി പങ്കജാക്ഷൻ സാർ ഇങ്ങനെ പറയുന്നു:

“ആവശ്യബോധം. കുടുംബാവശ്യമെന്നു കണ്ടാൽ എത്ര കഠിനജോലിയും ചെയ്യുവാൻ ആരും മടിക്കില്ല. തൊഴിൽപ്രേരണ എന്നൊരു പ്രത്യേക പ്രേരണതന്നെ ഉണ്ടാവില്ല. ഞാൻ ജീവിക്കുന്നത് എന്നെ ഉൾക്കൊള്ളുന്ന എന്റെ സമൂഹത്തിനുംകൂടിയാണ്. അന്യ ഒരാൾക്കുവേണ്ടി പണി ചെയ്യുവാൻ നിർബന്ധിതനാകുമ്പോഴാണ് പ്രത്യേക പ്രേരണ വേണ്ടത്. പുതിയ ലോകത്തിൽ അന്യത്വം അവസാനിക്കുന്നു. എന്റെ നിലനിൽപ്പ് എല്ലാവരുടെയും ആവശ്യമാണ്. എല്ലാവരുടെയും നിലനില്പ് എന്റെയും ആവശ്യമാണ്. അപ്പോൾ ഞാൻ ജോലി ചെയ്യുന്നത്, ഒരു വയർ അല്ലെങ്കിൽ മൂന്നു

വയർ എന്ന കാഴ്ചപ്പാടിലല്ല; ലോകത്തിനുവേണ്ടിയുള്ള യജ്ഞം എന്ന നിലയ്ക്കാണ്. എനിക്കു ഡ്രൈവിംഗറിയാം എന്നിരിക്കട്ടെ. ഞാൻ വാഹനമോടിക്കുന്നത്, ആർക്കൊക്കെ ആ യാത്ര ഉപകരിക്കുമോ അവർക്കെല്ലാംവേണ്ടിയാണ്. എന്തുകൊണ്ടെന്നാൽ, അവർ യാത്ര ചെയ്യുന്നത് എനിക്കുകൂടി വേണ്ടിയിട്ടാണെന്നുള്ള അറിവ് എനിക്കുണ്ട്. ഡ്രൈവിംഗ് പഠിപ്പിക്കുമ്പോൾ എന്നെ ആ വഴിക്കാണ് ഗുരു ചിന്തിപ്പിക്കുന്നത്. പുതിയ ലോകത്തിൽ സാമൂഹികബോധം കേവലം ഒരറിവായിരിക്കുകയില്ല, അനുഭവമായിരിക്കും. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ, ഞാൻ വണ്ടിയോടിക്കുന്നതും യാത്രക്കാർ യാത്ര ചെയ്യുന്നതും എല്ലാവർക്കും വേണ്ടിയാണെന്ന് എല്ലാവരും അറിയുന്നു. തൊഴിൽരംഗത്ത് ഇന്നുള്ള ഉച്ചനീചത്വം ഇതോടെ ഇല്ലാതാകുന്നു. ആവശ്യത്തിനും സന്ദർഭത്തിനും അനുസരിച്ച് ഓരോ തൊഴിലും ഉച്ചസ്ഥാനത്തുവരും. കടത്തു കടക്കേണ്ടിവരുമ്പോൾ കടത്തുകാരനാണു പ്രഥമസ്ഥാനം. ജീവിക്കുകയെന്നാൽ ലോകത്തിനുവേണ്ടി എന്തെങ്കിലും ചെയ്യുകയാണ്. എല്ലാവരും തൊഴിലാളികളായിരിക്കും. തൊഴിലില്ലാത്തവരാരും ഉണ്ടാവില്ല. ജീവിക്കാനുള്ള പ്രേരണയും തൊഴിൽപ്രേരണയും വേർതിരിക്കേണ്ട ആവശ്യമേ വരില്ല" (ആദ്യ പതിപ്പ്: പേജ് 57-58; 2-ാം പതിപ്പ്: പേജ് 47).

*(തുടരും)*

---

**ഒരു യാത്രയുടെ കഥ**

# ഉത്തരാഖണ്ഡ് ദർശനം - 7

**ചന്ദ്രൻ പുറക്കാട്.** ഫോൺ : 9446327525

*"പൊൽതിങ്കൾക്കല പൊട്ടുതൊട്ട ഹിമവൽ ശൈലാഗ്രശൃംഗങ്ങളിൽ......." നമുക്ക് പോകാനായില്ലെങ്കിലും പോയവരുടെ വാക്കുകളിലൂടെ ദർശിക്കാം.*

## ഉത്തരകാശിയിലേക്ക്

തണുത്തുറഞ്ഞ സൈനാചട്ടിയിലെ പുഴയിൽ മുങ്ങിക്കുളിക്കുമ്പോൾ സമയം രാവിലെ 6 മണി. യമുനയുടെ ഈ തീർത്ഥസ്നാനത്തിൽ മുങ്ങിക്കുളിക്കുവാൻ പ്രാർത്ഥനാ നിരതമായ മനസ്സുമായി

പിന്നാലെ ഭക്തജനങ്ങൾ ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നു. ഇതിനുമുമ്പും കുറച്ചുപേർ സ്നാനം കഴിഞ്ഞു പോയിരിക്കുന്നു. പുഴപോലെതന്നെ ജനങ്ങളും അവർ അതിജീവനത്തിന്റെ പാതയിലാണ്. വെയിലും മഴയും ഋതുഭേദത്തിന്റെ ഭിന്ന മുഖങ്ങളാണ്. ഇരുട്ടുമാറാത്ത ഈ തീർത്ഥ ഘട്ടത്തിൽ ശ്രദ്ധിച്ചിറങ്ങിയില്ലെങ്കിൽ വീണുപോകാം. പുഴകളിലൂടെ ഒഴുകി ഉരുണ്ടുപോയ പാറയോടൊപ്പം തീർത്ഥാടകരും വീണുപോകാം. മുട്ടിനപ്പുറം താഴേക്കിറങ്ങാൻ കഴിയില്ല. കരയ്ക്കു നിൽക്കുന്ന സുഹൃത്തിന്റെ കയ്യിൽ നമ്മുടെ കരങ്ങൾ ചേർത്തുവച്ചുകൊണ്ടാണ് ഇറങ്ങുക. അതല്ലെങ്കിൽ മുണ്ടിന്റെ ഒരറ്റം അവർ പിടിക്കണം. തണുത്ത് വിറപ്പിക്കുന്ന മൂടൽമഞ്ഞ്. അകലങ്ങളിൽ കാഴ്ചയും കിട്ടില്ല. നദിയിൽ പാറ മറിയുന്ന ശബ്ദം നമ്മെ പേടിപ്പെടുത്തുംവിധമാണ്. ഒരുതരം പാരസ്പര്യത്തിലാണ് തീർത്ഥാടകർ കുളിച്ചുകയറുന്നത്. ഒരാൾ കുളിച്ചുകയറുമ്പോൾ സുഹൃത്തിനെയും അപ്രകാരം സ്നാനത്തിന് സഹായിക്കും. ഹിമഗിരികളിൽനിന്നും വരുന്ന ചെറുപുഴകളാണ് തണുപ്പിന്റെ ആധിക്യത്തിന് കാരണം. ഭാരതപ്പുഴിലോ പമ്പയിലോ കുളിക്കുമ്പോൾ മലയാളിക്ക് ഇത്രയധികം ശ്രദ്ധ ഒരിക്കലും വേണ്ടിവരുന്നില്ല. തണുപ്പിനെയും ഒഴുക്കിനെയും പരാമർശിച്ചുകൊണ്ട് ഞങ്ങൾ നടന്ന് സൈനാച്ചട്ടിയിലെ നീലം ലോഡ്ജിൽ എത്തിയത് അറിഞ്ഞതേയില്ല.

അവിടെ പലരും മടങ്ങിയെത്തിക്കഴിഞ്ഞു. ചിലർ പ്രഭാതഭക്ഷണം കഴിഞ്ഞ് ഒരുങ്ങിനിൽക്കുകയായിരുന്നു. ഞങ്ങൾ സുഹൃത്തുക്കളോടൊപ്പം പ്രാതൽ കഴിഞ്ഞ് ബാഗുകളുമെടുത്ത് കാത്തുകിടന്ന ബസ്സിൽ കയറുമ്പോൾ സമയം എട്ടരയായി. കടകളിൽ ആളനക്കമായി. നിരത്തുകൾ സജീവമായി. പിന്നിടാനുള്ള ദൂരത്തെക്കുറിച്ചും വഴികളെക്കുറിച്ചും അറിവുണ്ടായിരുന്നതിനാൽ അതിനനുസരിച്ചുള്ള വസ്ത്രങ്ങളും രോമക്കുപ്പായങ്ങളും തൊപ്പികളും എല്ലാവരും കരുതിയിരുന്നു. ചൂടുവെള്ളം നിറച്ച കുപ്പികളും ഊന്നുവടികളും അവർ കരുതിവന്നു. സൈനാച്ചട്ടിയിൽനിന്നും ദുർഘടമായ വഴികളിലൂടെ 95 കിലോ മീറ്റർ സഞ്ചരിക്കണം ഉത്തരകാശിയിലെത്താൻ. ഹിമാലയപർവ്വതനിരകളുടെ മണലിളകിയ പാതയിലൂടെയുള്ള സഞ്ചാരം മനസ്സിനെ ത്രസിപ്പിക്കുന്നതായിരുന്നു. ബീഭത്സമായ കാഴ്ചകളാണ് ഇരുവശവും നമ്മെ സ്വാഗതം ചെയ്യുന്നത്.

ചെറിയ പാറകൾ ഇളകി ഒഴുകി. പാറക്കഷണങ്ങൾ പല സ്ഥലത്തും തടസ്സങ്ങൾ സൃഷ്ടിച്ചു. വശങ്ങളിലുള്ള ആഴമേറിയ പുഴയിലേക്കു മറിഞ്ഞ പാറകൾ പലതും ഒഴുക്ക് തടസ്സപ്പെടുത്തിക്കൊണ്ട് വർഷ ങ്ങളായി കിടക്കുന്ന ചിത്രങ്ങൾ നമുക്കു കാണാം. എടുത്തുമാറ്റാൻ കഴിയുന്നവയല്ല അവയൊന്നുംതന്നെ. വലിയ ഒഴുക്കുണ്ടാകുമ്പോൾ അവ ഒരുപക്ഷേ ഉരുണ്ടുപോയാൽ മാറി എന്ന് ആശ്വസിക്കാം. അവ ഉരുണ്ടും ഭിന്നിച്ചും രൂപാന്തരപ്പെടാം. പഴയകാലങ്ങളിൽ ഇത്തരം കല്ലുകൾ യാത്രികർ പുഴയിൽനിന്നെടുത്ത് സോപ്പിനു പകരം ശരീരം ഉരച്ചുകഴുകുന്ന പാറകളായി ഉപയോഗിച്ചിരുന്നു.

റോഡുകൾ മുറിച്ചും ചില സ്ഥലങ്ങളിൽ പാറക്കൂട്ടങ്ങൾ താഴേക്ക് ഉരുണ്ടും ഒഴുകിയും നിപതിക്കാറുണ്ട്. വൻനാശങ്ങളാണ് അവ കൃഷിക്കും വീടുകൾക്കും വഴികൾക്കും വരുത്തിവക്കുന്നത്. കിലോമീറ്റർ ദൂരങ്ങളോളം വീടുകളും വഴികളും കൃഷിസ്ഥല ങ്ങളും നഷ്ടമായ ദൃശ്യങ്ങൾ ഈ യാത്രയിൽ നമുക്ക് ഏറെ ഭാഗ ങ്ങളിൽ കാണുവാൻ കഴിയും. മഴക്കാല രാവുകളിലെ ഈ ഭാഗ ങ്ങളിലെ യാത്രകൾ അത്യന്തം ദുർഘടവും ദുരിതപൂർണ്ണവുമാണ്. ആസമയത്ത് യാത്രചെയ്യാൻ പാടില്ല എന്നാണു നിയമം. പത്തുമ ണിക്കുമുമ്പ് യാത്ര അവസാനിപ്പിക്കണമെന്ന് ചില സ്ഥലങ്ങളിൽ ബോർഡുകൾ വച്ചിട്ടുണ്ട്. ഒറ്റപ്പെട്ടുവരുന്ന വാഹനങ്ങളും എഞ്ചിൻ കേടാവുന്നതുമായവ ചിലപ്പോൾ ഇതിന് അപവാദമായി വരാം. സംരക്ഷിത മേഖലകളിലല്ലാതെ പെട്രോൾ പമ്പുകളോ വർക്ക്ഷോ പ്പുകളോ ഒന്നുംതന്നെ ഉണ്ടാവില്ല. സെക്യൂരിറ്റി വിഭാഗത്തിന്റെ അനു മതിയില്ലാതെ അത്തരം യാത്രകൾ പാടില്ല.

പകലായതുകൊണ്ട് ഈ ദുർഘട പാതകൾ നമുക്ക് കണ്ടു പോകാൻ കഴിയുന്നു. എങ്കിലും അവയുടെ കാഴ്ചകൾപോലും ഉൾഭീതി ഉളവാക്കുന്നതാണ്. വരാനിരിക്കുന്ന മഴയുടെ പ്രാരംഭ ല ക്ഷണങ്ങൾ നമുക്കു കാണാൻ കഴിയും. റോഡിൽ ചില സ്ഥലങ്ങ ളിൽ മഴവെള്ളം കെട്ടിക്കിടക്കുന്നതുകാണാം. കഴിഞ്ഞ ദിവസങ്ങ ളിലെ മഴയാണ് രാവിലെ കണ്ട ശക്തമായ യമുനാപ്രവാഹത്തിനു കാരണം. കാർഷിക സംസ്കാരം നിഴൽ വീഴ്ത്തി നിൽക്കുന്ന പ്രദേ ശമാണ്. പഴയ യു.പി. സംസ്ഥാനത്തിന്റെ ഭാഗമായ ഇപ്പോൾ ഉത്ത രാഞ്ചൽ എന്ന പേരിൽ അറിയപ്പെടുന്ന ഈ സംസ്ഥാനം. കൃഷി

കൂടാതെ ആടുവളർത്തലും പ്രധാന തൊഴിലാണ്. രോമക്കുപ്പായങ്ങൾ സുലഭമായി ലഭിക്കുന്ന ഇവിടെ വസ്ത്രനിർമ്മാണശാലകളും അങ്ങിങ്ങായി കാണപ്പെടുന്നു. അവയ്ക്കരികിൽ യാത്രക്കാർക്ക് ചായവില്പന കേന്ദ്രങ്ങളും കാണാം. സോപ്പ്, ചീപ്പ്, തോർത്ത് മുതലായവയും ചില കച്ചവട സ്ഥാപനങ്ങൾ കരുതിരിയിരിക്കുന്നു. പതിനൊന്നു മണിക്ക് അടുത്തുകണ്ട ചായപ്പീടികയിൽനിന്നും ആവശ്യമായ സാധനങ്ങൾ ശേഖരിച്ചു. അത്യാവശ്യ സർവ്വീസുകൾ നടത്തുവാൻ ഗ്രാമീണരായ കച്ചവടക്കാരുടെ സേവനം ലഭ്യമാണ്.

നാടിനെക്കുറിച്ചും തൊഴിൽപരമായ കാര്യങ്ങളെക്കുറിച്ചും അവർ അറിയുന്ന ഭാഷയിൽ ആശയവിനിമയം നടത്തി. ബസുമതി അരിയാണ് പ്രധാന ഉൽപന്നം. ചില സ്ഥലങ്ങളിൽ ബജറയും ഗോതമ്പും ചോളവുമെല്ലാം കൃഷിചെയ്യുന്നു. വാഴയും ചീരയും (പച്ച) ചില സ്ഥലങ്ങളിൽ കാണാൻ കഴിയും. ദേവദാരു മരങ്ങൾ മലഞ്ചെരുവുകളിൽ താലപത്രവുമായി നിലകൊള്ളുന്നു. വരിവരിയായി നിരനിരയായി നിൽക്കുന്നവ. ചരടുകെട്ടി ലെവൽ എടുത്തതുപോലെ നിൽക്കുന്ന അവ ഹിമാലയത്തിന്റെ മുഖമുദ്രപോലെ തണലും കാറ്റും നൽകി യാത്രക്കാർക്ക് സാന്ത്വനമേകും. തട്ടുകൃഷി സമ്പ്രദായത്തിലാണ് കൃഷി ക്രമപ്പെടുത്തിയിരിക്കുന്നത്. ലഭിക്കുന്ന മഴ അവിടവിടെ ശേഖരിച്ചു നിർത്തിയാണ് ആവശ്യമായ ജലസേചനം നടത്തുന്നത്. ഈ ജലം ഓവുകളിലൂടെയും ചാലുകളിലൂടെയും തിരിച്ചുവിട്ട് കൃഷിക്കും കുടിവെള്ളത്തിനുമായി ഉപയോഗിക്കുന്നു. കാളകളെ നിലം ഉഴുവാനും നിരത്താനും ഉപയോഗിക്കുന്നു. അവയുടെ ചാണകം, ഗോമൂത്രം എന്നിവ കൃഷി സമ്പുഷ്ടമാക്കാനും ഏറെ പ്രയോജനപ്പെടുത്തുന്നു. ഗ്രാമീണ പാൽ സൊസൈറ്റി എന്ന ആശയവും അവിടെ ഇപ്പോൾപുരോഗമിച്ചുവരുന്നു.

ധരാസു എന്ന ഗ്രാമം കഴിഞ്ഞപ്പോൾ കൈകളിൽ കരുതിയിരുന്ന ഭക്ഷണപ്പൊതിയുമായി ഒരു വൃക്ഷച്ചുവട്ടിൽ വണ്ടിനിർത്തി. നല്ല കാറ്റും തണുത്ത അന്തരീക്ഷവും തണലും ഞങ്ങളെ സ്വാഗതം ചെയ്തു. വഴിയരികിലെ വേലിക്കു മുകളിലെ പലതരം കൃഷികൾ. വാഴ, ചെറുമരങ്ങളിലെ വെള്ള കായ്കനികൾ കറിവേപ്പില മരങ്ങൾ എന്നിവയും പുഷ്ടിയോടെ വളരുന്നു. ആർക്കും അവ കര

സ്ഥാമാക്കാവുന്ന തരത്തിൽ സുമ്പുഷ്ടമായിത്തന്നെ. ഹിമാലയൻ മണ്ണിന്റെ ഫലസമൃദ്ധി ആ ചെടീമുഖങ്ങളിൽ ദൃശ്യമായിരുന്നു. സുമ്പുഷ്ടമായ ആ അന്തരീക്ഷം നോക്കി ഞങ്ങൾ ഭക്ഷണപ്പൊതി യഴിച്ചു. അണ്ണാൻ കുഞ്ഞുങ്ങൾ ഞങ്ങളെക്കണ്ട് സീൽക്കാരമു യർത്തി വലിപ്പക്കൂടുതലുള്ള ചില ബലിക്കാക്കകൾ ദൂരെയിരുന്നു ഞങ്ങളുടെ ഭക്ഷണം കൗതുകപൂർവ്വം നോക്കിയിരുന്നു. അവർക്കും വീതം കൊടുത്തു. ഭക്ഷണം കഴിഞ്ഞ് വഴിയോരത്തുള്ള വീട്ടിൽ നിന്നും കുടം നിറയെ ആവശ്യത്തിനു തണുത്ത ശുദ്ധജലം ലഭിച്ചു. അവർ ദൂരെ പോയി ശേഖരിക്കുന്നതാണ്. എങ്കിലും നാം സഹോ ദരങ്ങൾ എല്ലാവരും ഇന്ത്യാക്കാർ എന്ന ഭാവം അവരുടെ മുഖങ്ങ ളിൽ നിഴലിച്ചു. അതേ നാം ഭാരതീയർ !

മൂന്നു മണിയായി ധരാസു എന്ന ഗ്രാം വിടുമ്പോൾ ആ സൗഹൃദം തല്കാലം അവസാനിക്കുകയായിരുന്നു. ജീവിതം ഇതു തന്നെയാണ്. നാം എങ്ങുനിന്നോ വരുന്നു എങ്ങോട്ടോ പോകുന്നു. ആ താൽക്കാലിക വേർപാടും വേദനാജനകം തന്നെ. ഞങ്ങൾ ബസ്സിൽ കയറുമ്പോൾ അവർ നോക്കിനിന്നു. ഞങ്ങൾ തിരിഞ്ഞു നോക്കി. ആ സഹോദരിമാരും കുഞ്ഞുങ്ങളും സന്തോഷത്തോടെ കൈയുയർത്തി. ഭാഷയറിയില്ലെങ്കിലും മനസ്സുകൊണ്ട് അവരും ഞങ്ങളും എന്തൊക്കെയോ സംസാരിച്ചു. അതേ ഇതാണ് ഭാരതീ യത.

ഹിന്ദി, ഉറുദു, മറാട്ടി, പഞ്ചാബി എന്നിവയാണ് ഉത്തരാഞ്ച ലിന്റെ പ്രധാന ഭാഷകൾ. ഉത്തരാഞ്ചലിന്റെ പ്രധാനപ്പെട്ട ജില്ലാ തല സ്ഥാനമാണ് ഉത്തരകാശി. ഇത് പ്രധാനപ്പെട്ട ഒരു തീർത്ഥാടന ക്ഷേത്രവുമാണ്. ഹിമാലയത്തിന്റെ പ്രാന്തപ്രദേശമാണ് ഈ സ്ഥലം. ഇത് സമുദ്രനിരപ്പിൽ നിന്നും 1165 മീറ്റർ ഉയരത്തിലാണ് (4436 അടി ഉയരം). കിഴക്ക് നേപ്പാളും വടക്കും വടക്കുകിഴക്കും ചൈനയും, ഹിമാലയവും, തെക്ക് യൂ.പിയും പടിഞ്ഞാറ് വിശുദ്ധ നദികളായ ഗംഗയും ഭാഗീരഥിയും യമുനയും മുഴുനീള സ്പർശിയായി ഈ ധന്യഭൂമിയെ പുളകമണിയിക്കുന്നു. ഉത്തരാഖണ്ഡിന്റെ ഐശ്വര്യ മാണ് ഈ നദികൾ കൃഷിയും വ്യവസായവും മാത്രമല്ല പ്രാക്തന ഭാരതത്തിന്റെ സാംസ്കാരിക സമ്പുഷ്ടിയും ഈ നദികളിലൂടെ ഒഴുകിയെത്തുന്നു. ജനസംഖ്യയിൽ പുരുഷന്മാരാണ് കൂടുതൽ.

മഹാഭാരതകാലത്തും ചിത്രം അങ്ങനെതന്നെയായിരുന്നല്ലോ. സാക്ഷരത ശരാശരി തന്നെ. വിനോദസഞ്ചാരത്തിനും കലകൾക്കും പ്രാമുഖ്യമുള്ള ഒരു ദേശമാണിത്. വന്യജീവികളും അപൂർവ്വമായ കസ്തൂരിമാനുകളും ഈ സംസ്ഥാനത്തിന്റെ പ്രത്യേകതകളാണ്. സഞ്ചാരികളും സാഹിത്യകലാനിപുണരും എന്നും ആദരവോടെ ഓർമ്മിക്കുന്ന കാണുവാൻ ആഗ്രഹിക്കുന്ന ഒരു പ്രദേശം.

പ്രകൃതിതന്നെ എയർ കണ്ടീഷൻ ചെയ്ത ഒരു സംസ്ഥാനം. ചൂട് അറിയുകേ ഇല്ല. ഈ യാത്രകളിൽ എന്നോടൊപ്പം യാത്ര ചെയ്യുവാൻ എന്നും ആഗ്രഹിച്ചിരുന്ന കലാസ്നേഹിയും മെഡിക്കൽ കോളേജിലെ ഹെഡ്നെഴ്സുമായിരുന്ന എന്റെ പ്രിയതമ രാഗിണി ഇന്ന് എന്നോടൊപ്പമില്ല. എക്കാലവും യാത്രകളും കാഴ്ചകളും ഏറെ ഇഷ്ടപ്പെട്ടിരിന്നു അവർ. പലതവണ മൂകാംബികയിൽ അവർ എന്നോടൊപ്പം കൊച്ചുമക്കളുമായി വന്നിട്ടുണ്ട്. അവിടെ സൗപർണ്ണികയിലെ സ്നാനം എന്നും ഇഷ്ടപ്പെട്ടിരുന്നു. ചെറിയ താപാന്തരീക്ഷത്തെപ്പോലും സഹിക്കുവാൻ കഴിയാത്തവിധം അവരുടെ ശാരീരിക നിലമാറിവന്നു. ഫാനിട്ടാൽക്കൂടെ വിയർക്കും. ഹൃദ്രോഗത്തിന്റെ കടന്നാക്രമണവും കൂടെവന്നു. കടൽക്കാറ്റ് കിട്ടുന്ന സ്ഥലത്ത് വീടുവച്ചു താമസിക്കാൻ ആ മനസ്സ് ഏറെ ആഗ്രഹിച്ചു. എന്റെ ചേച്ചിമാർ ഭവാനിയും ഭാർഗ്ഗവിയും അതിനാവശ്യമായ സ്ഥലവും ചെറുവീടും ഞങ്ങൾക്ക് വിട്ടുതന്നു. മാറ്റിപ്പണിയുന്ന ആ വീടിന് രാഗിണി പേരും തീരുമാനിച്ചു "രാഗേന്ദു". എന്നാൽ ദൈവഹിതം അതായിരുന്നില്ല. മനുഷ്യൻ കൊതിക്കുന്നു ദൈവം വിധിക്കുന്നു. ഇന്ന് രാഗിണി എന്നോടൊപ്പമില്ല. അമൃതയിൽനിന്നും ചികിത്സ കഴിഞ്ഞു വന്നതാണ്. പെട്ടെന്ന് അസുഖം വർദ്ധിച്ചു. ചൂടു കുറയുവാൻ വാങ്ങിയ മിഷ്യനും വൃഥാവിലായി. ഒരുദിവസം അവർ എന്നെ വിളിച്ചു പറഞ്ഞു ഇന്ന് എങ്ങോട്ടും പോകരുത്. എന്നോടൊപ്പം വേണം. ഞാൻ അടുത്തെത്തിയപ്പോൾ വിയർപ്പിൽ ശരീരം മുഴുവൻ നനഞ്ഞിരുന്നു. ആശുപത്രിയിൽ എത്തിയപ്പോൾ ഐ.സി.യുവിൽ പോകാൻപോലും നേരം ലഭിച്ചില്ല. ശരീരം തണുക്കാതെ ആ ആത്മാവ് പറന്നകന്നു. ഇന്ന്, അവരുടെ ചിതാഭസ്മകലശം എന്നോടൊപ്പം ഈ യാത്രയിലുണ്ട്. ഏറ്റവും കൂടുതൽ തണുപ്പു ലഭിക്കുന്ന സ്ഥലത്ത് വിശ്രമിക്കാൻ.

വാരണാവത പർവ്വതത്തിന്റെ താഴ്‌വരയിലാണ് ഉത്തരകാശി. മഹാവേദിക്കുകളായ സന്യാസിമാർ വാരണാവതത്തിന്റെ താഴ്‌വരയിലെ ഉത്തരകാശിയിലുണ്ടെന്ന് വിശ്വസിക്കപ്പെടുന്നു. കഠോപനിഷത്തിലെ യമപുരി തേടിപ്പോയ നചികേതസ് ആത്മജ്ഞാനം നേടിയത് ഈ ഭൂമികയിലാണ്. നചികേതസ്സിനെ പരീക്ഷിക്കുവാൻ യമദേവൻ ഒരുപാട് പ്രലോഭനങ്ങൾ നടത്തിനോക്കി. എന്നാൽ ആ കുമാരൻ അതെല്ലാം അതിജീവിച്ച് ആത്മജ്ഞാന സമ്പാദനത്തിൽ ഉറച്ചുനിന്നു. സ്വാമി വിവേകാനന്ദനെ ഏറെ സ്വാധീനിച്ചത് കഠോപനിഷത്തായിരുന്നു. ഒരു യജ്ഞം കഴിക്കുന്നതിനു തുല്യമാണ് വാരണവതത്തിലെ ഋഷിവാടം കയറുന്നത്. വാരണാവതത്തിൽ ആണ്ടുതോറും നടത്തിവന്നിരുന്ന വനവാസികളുടെ ഉത്സവാഘോഷങ്ങളിൽ ഹസ്തിനപുര രാജാക്കൻമാർ വന്ന് പങ്കെടുത്തിരുന്നു. ഇവിടെയാണ് പാണ്ഠവരെ ജീവനോടെ ദഹിപ്പിക്കുവാൻ ശകുനിയുടെ നേതൃത്വത്തിൽ കുപ്രസിദ്ധമായ അരക്കില്ലം നിർമ്മിച്ചത്. സൗമ്യകാശി എന്നും കൂടെ ഈ സ്ഥലത്തിന് പേരുണ്ട്. കാശിയെപ്പോലെ പുണ്യസ്ഥലമാണ് ഉത്തരകാശിയും. കാശിയിൽ ധനസമ്പാദനത്തിനുവേണ്ടി വിദേശാക്രമണം ഉണ്ടായപ്പോൾ ഉത്തരകാശിയിൽ തന്നെ പൂജിച്ചാൽ മതിയാകുമെന്ന് കാശിവിശ്വനാഥൻ തന്റെ ഭക്തൻമാരെ ഓർമ്മിപ്പിക്കുകയുണ്ടായത്രേ! ഉത്തരകാശിയിൽ സൗമ്യയായി ഒഴുകുന്ന ഗംഗ കാശിവിശ്വനാഥക്ഷേത്രത്തിന് മുൻവശമെത്തുമ്പോൾ പാരാവരംപോലെ വിസ്തൃതമാകുന്നു. സൗമ്യകാശി അവിടെ രുദ്രകാശിയായും കാണപ്പെടുന്നു. വീടുവിട്ടിറങ്ങിയവരോ വീട്ടുകാരോ ഉപേക്ഷിക്കപ്പെട്ടവരോ പലരും ജീവിതാന്ത്യത്തിൽ വന്നണയുന്നത് ഉത്തരകാശിയിലും കാശിയിലുമാണ്. കാശി കാണുന്നവർ രാമേശ്വരത്തും പോയിരിക്കണമെന്നൊരു നിബന്ധനയുണ്ട്. രാമേശ്വരത്ത് ചെല്ലുന്നവർ കാശിയിൽനിന്നും ശേഖരിച്ച ഗംഗാജലം അവിടെ പൂജിച്ചെടുക്കണമെന്നും ആചാരമുണ്ട്. തന്നെയുമല്ല രാമേശ്വരത്തെ ക്ഷേത്രസന്നിധിയിലുള്ള 27 കിണറുകളിലെ വിശുദ്ധജലത്തിൽ സ്നാനം കഴിക്കുകയും വേണം. ശ്രീരാമൻ സേതുബന്ധനം നടത്തി ലങ്കയിലേക്കു പോയത് ഈ കർമ്മങ്ങളെല്ലാം പൂർത്തിയാക്കിക്കൊണ്ടുതന്നെയാണ്. അതുകൊണ്ടുതന്നെയാകുമല്ലോ രാവണനെ കീഴടക്കി രാമന് സീതയെ വീണ്ടെടുക്കുവാൻ സാധിച്ചത്. ഈ യാത്രകളെല്ലാം പറയുന്നത് ഇന്നല്ലെങ്കിൽ

നാളെ ആത്മാവിന്റെ ആഗ്രഹങ്ങളെല്ലാം സാർഥകമാകുമെന്നാണ്. ആത്മാവ് കാറ്റിലൂടെയും കടലിലൂടെയും പഞ്ചഭൂതങ്ങളിലൂടെയും അത് ആഗ്രഹിക്കുന്ന സ്ഥലത്ത് എത്തിച്ചേരും എന്നാണ്. അപ്പോൾ അതിന് ശാന്തിയും മുക്തിയും ലഭിക്കുന്നു.

*(തുടരും)*

# കൊച്ചുവർത്തമാനങ്ങൾ

## 1. "ആധിപിടിച്ചാധിപിടിച്ച്"

ഇതെഴുതുന്ന ആളും വായനക്കാരും വായിക്കാത്തവരും പ്രതി സന്ധി ഘട്ടങ്ങളിൽ ആധിപിടിച്ച് തന്നെ ജീവിക്കേണ്ടി വരുന്നു. നമ്മുടെ ഉയർച്ചയ്ക്ക് ഉപയോഗിക്കേണ്ട ഊർജ്ജം മുഴുവൻ ഇതു മൂലം പാഴായിപോകുന്നു. ആധിപിടിച്ച് വ്യാധി ഉണ്ടാകുന്നു. രോഗ ങ്ങൾ ശത്രുക്കളായി വന്ന് ദേഹം നശിപ്പിക്കുന്നു. രക്ഷപ്രാപിക്കു ന്നതിനായി നാം ഔഷധങ്ങൾ കഴിയ്ക്കുന്നു. ഒരു ഗൗരവമായ രോഗ ത്തിൽ നിന്നും മോചനം ലഭിക്കാതെ ഔഷധങ്ങൾക്കടിമയായി ചികിത്സ എന്ന കുരിശും ചുമന്ന് ജനം ജീവിതയാത്ര ചെയ്യുന്നു. നമുക്കെന്നാണ് സ്വാതന്ത്ര്യം കിട്ടുക. ആധിവ്യാധികൾ പരസ്പരം ബന്ധപ്പെട്ടവരാണ്. നമ്മുടെ ശത്രുക്കളാണ്. എങ്ങിനെയാണ് നാം ഇവരെ നേരിടുക. ജീവിത യാത്രയിൽ പതുങ്ങിയിരുന്നാണവരുടെ ആക്രമം. പലരും പറഞ്ഞ് കേട്ടിട്ടുണ്ട് ആധിപിടിച്ചാധിപിടിച്ച് എനിക്കു വയ്യാതായി. ഇങ്ങനെയായാൽ ഞാൻ നേരത്തെ ചത്തു പോകും, എന്നൊക്കെ. ശരിയാണ് 'ആധി'യെ അല്ല നാം മുറുകെ പിടിക്കേണ്ടത് ആദർശത്തെയാണ്. മഹാത്മാക്കളെല്ലാം എത്ര നിർഭ യരായിരുന്നു. മരണത്തെപോലും പുഞ്ചിരിച്ചുകൊണ്ടവർ നേരിട്ടു. ഇവിടെ കുഞ്ഞിനെ കളരിയിൽ ചേർക്കാൻ പോലും ആധിയാണ്. ഒരു കാര്യം സത്യം. എല്ലാ സംഭവങ്ങൾക്കും ആധാരം കർമ്മനിയ മമാണ്. ചിന്തയും വാക്കും പ്രവർത്തിയും അനുസരിച്ചാണ് ജീവി തത്തിന്റെ ഇതളുകൾ വിരിഞ്ഞുവരുന്നത്. എന്നാൽ പിന്നെ സൽക്കർമ്മങ്ങൾ ചെയ്താൽ പോരെ ഫലത്തെക്കുറിച്ച് വേവലാ തിപ്പെടണമോ? ഇനി വേവലാതിപ്പെട്ടാലും നമ്മുടെ നേരെ വരുന്ന സംഭവങ്ങളെ ഒഴിവാക്കാനോ ദുർബലപ്പെടുത്തുവാനോ നമ്മൾക്ക് കഴിയുമോ? കയ്യിൽ ഇരിക്കുന്ന കുട്ടിയുടെ രോഗത്തിന് ചികിത്സി

ക്കാമെന്നല്ലാതെ രോഗം മാറ്റാൻ നമുക്കാവുമോ? അപ്പോൾ പിന്നെ നമ്മുടെ കഴിവുപോലെ പണിയെടുത്ത് സന്തോഷമായിരിക്കാം പകൽ സൂര്യൻ ആകാശത്ത് ജ്വലിച്ചു നില്ക്കട്ടെ. രാത്രി മിന്നാമിനുങ്ങും പ്രകാശിക്കട്ടെ. നമുക്കതു കാണാം ഈ ലോകസംഭവങ്ങളെയും സാക്ഷിയായി കാണാം. അതുകണ്ട് മൈത്രീ ഭാവനകൊണ്ട് എപ്പോഴും മനം മിനുക്കി വയ്ക്കുക. ഈ ലോകത്ത് ഒന്നിനെക്കുറിച്ചും ഓർത്ത് ഭയപ്പെടേണ്ടതില്ല. കുറച്ചുനാൾ കഴിഞ്ഞാൽ ഭയപ്പെടാനും കുറ്റപ്പെടുത്താനും നമ്മൾ ഉണ്ടാവില്ലല്ലോ? അതുവരെ ജീവിതം ഒരു പരീക്ഷണം തന്നെയാണ്. പഠിച്ചതെല്ലാം ദൈനംദിന ജീവിതതാളുകളിൽ എഴുതണം. ഇതാ ഒരു കൊച്ചു വർത്തമാനം. തീയതി 14.02.2015 വെളുപ്പിന് 5 മണിയ്ക്ക് ഞങ്ങൾ മകളും ഭർത്താവ് സിജുവും കുടുംബാംഗങ്ങളുമായി നെടുമ്പാശ്ശേരിക്ക് ഉള്ള യാത്രയിലാണ്. 8.30 നാണ് ദുബായ്ക്കുള്ള വിമാനം. കുശലങ്ങൾ പറഞ്ഞ് സന്തോഷമായി ഒരു ചെറിയ വണ്ടിയിലാണ് യാത്ര. ചേർത്തല എത്തിയപ്പോഴാണ് ഒരു പെട്ടി എടുത്തിട്ടില്ല എന്ന് മകളുടെ ഭർത്താവ് സിജു ഒരു ഞെട്ടലോടെ ഓർത്തത്. തിരിച്ചുപോയി പെട്ടിഎടുക്കുവാൻ സമയമില്ല. ഭാഗ്യത്തിന് ദുബായ് ടിക്കറ്റ് കയ്യിലുണ്ട്. എങ്കിലും എല്ലാവർക്കും വിഷമമായി. വണ്ടി നിർത്തുവാൻ ഞാൻ പറഞ്ഞു. കളർകോട് സിജുവിന്റെ വീട്ടിൽ പോയി പെട്ടിയുമായി വരാൻ ഒന്നു പരിശ്രമിച്ചു നോക്കാം. ഞാനിപ്പോൾ ഈ വണ്ടിയിൽ ഇരുന്നിട്ട് കാര്യമൊന്നുമില്ലല്ലോ? സമയം കണക്കുകൂട്ടിയിട്ട് ഡ്രൈവർ അത് പാഴ്‌വേലയാണെന്ന് പറഞ്ഞു. മകളും അച്ഛനവിടെ ഇരിക്കാൻ പറഞ്ഞെങ്കിലും ചേർത്തല കെ. വി.എം. ൽ ഞാനിറങ്ങി. ലതയുടെ മടിയിൽ കിടന്ന് മയങ്ങുകയായിരുന്ന കൊച്ചുമകൻ സാരംഗ് "ഞാനെല്ലാം കേട്ടു അപ്പൂപ്പന്റെ കൂടെ ഞാനും വരുന്നു." എന്നു പറഞ്ഞു കൂടെ ചാടാൻ ഒരുങ്ങിയ കൊച്ചുമോനെ പിടിച്ചോളാൻ മോളോട് പറഞ്ഞു. വണ്ടി വിട്ട് പോയി. എതിർസൈഡിൽ വന്ന് ആലപ്പുഴവഴിയുള്ള വണ്ടികാത്ത് നിന്നു നമശ്ശിവായ.

ഒരു കല്ലട വണ്ടിവന്നു. ആളിറങ്ങി പ്രതീക്ഷയോടെ ഞാൻ ചെന്നു. തിരുവനന്തപുരമാണെങ്കിൽ കയറിക്കൊള്ളൂ. 150 രൂപ. ഇടയ്ക്ക് ഇറങ്ങാനാണെങ്കിൽ കയറേണ്ടെന്ന് ഡ്രൈവർ. രൂപ തരാം എന്നെ കളർകോടിറക്കണമെന്ന് പറഞ്ഞ് കാര്യമറിയിച്ചപ്പോൾ

സമ്മതം മൂളി. കളർകോട് പതിയാംകുളങ്ങര ക്ഷേത്രനടയിൽ സ്കൂട്ടർ വച്ചിട്ടാണ് ഞാനിങ്ങോട്ട് പോന്നത്. വണ്ടി അവിടെ തന്നെ നിർത്തിത്തന്നു. അമ്പതുരൂപ മതിയെന്ന് പറഞ്ഞ് ഓടിച്ചെന്ന് സ്കൂട്ടറെടുത്തു. തൊഴാനൊന്നും നേരമില്ല. ടപ്പ്ടപ്പ് വീട്ടിൽ ചെന്ന് പെട്ടിയുമായി ആലപ്പുഴ ബസ് സ്റ്റാന്റിലെത്തി. അതാ ഒരു വഴിക്ക ടവ് സൂപ്പർഫാസ്റ്റ് ഓടിക്കയറി സീറ്റുമുണ്ട്. ആശ്വാസമായി. ഒരു പ്രതീക്ഷ എത്താൻ കഴിഞ്ഞേക്കും.

എന്നാൽ പ്രതീക്ഷ അസ്ഥാനത്തായി. ഈ വണ്ടി വൈറ്റില വഴിയല്ല പോകുന്നത് എറണാകുളം സ്റ്റാന്റിൽ കയറും കാപ്പികുടി കഴിഞ്ഞേ പോകൂ എന്നു കണ്ടക്ടർ. ഇനി എന്തുചെയ്യും. മകളെ വിളിച്ച് അച്ഛനെ പ്രതീക്ഷിച്ചിരിക്കരുത്. പോകാനുള്ള ഒരുക്കങ്ങൾ നടത്തിക്കൊള്ളാൻ പറഞ്ഞു. ലതയുമായും സംസാരിച്ചു. അരൂരി ലിറങ്ങി വൈറ്റിലവഴി വരുന്നതാണ് എളുപ്പം. പക്ഷേ ഇപ്പോൾ അവിടെ ഇറങ്ങിയാൽ വണ്ടി കിട്ടാനിടയില്ല എന്നു പറഞ്ഞപ്പോൾ ഗിരിജനോടൊന്നു പറയരുതോ എന്ന് ലത ചോദിച്ചു. ഞാൻ ഗിരി ജനെ വിളിച്ചു. പ്രശ്നം മനസ്സിലാക്കിയ ഗിരിജൻ എന്നോട് അരൂര് ഇറങ്ങാൻ പറഞ്ഞു. പിന്നെ ഒന്നും എന്റെ കൈകളിൽ ആയിരുന്നി ല്ല. അരൂരിലിറങ്ങിയ എന്നെ തട്ടിക്കൊണ്ടുപോകുന്നപോലെ പിടിച്ച് കാറിലിട്ട് ട്രാഫിക് ബ്ലോക്കൊഴുവാക്കാനായി ഏതൊക്കെയോ റോഡിലൂടെ വണ്ടിവിട്ട് 7.50ന് നെടുമ്പാശ്ശേരിയിലെത്തിച്ചു. അവിടെ രാധചേച്ചി നീട്ടിപിടിച്ചിരുന്ന പാസ്സുമായി ഞാൻ പ്രവേശന കവാടം കടന്ന് ഉള്ളിലേക്ക് ഓടി. ക്ലിയറിൻസിനായി ലൈനിൽ നിന്നിരുന്ന സിജു ഓടി വന്ന് പെട്ടിവാങ്ങി. ഒന്നും സംസാരിക്കാൻ സമയമില്ലാ യിരുന്നു. കൊച്ചുമോൻ ഓടിവന്ന് എന്റെ രണ്ടുകവിളത്തും അപ്പൂ പ്പന് ഉമ്മ എന്ന് പറഞ്ഞ് ഓരോകടി തന്നു. അതും വാങ്ങി തൃപ്തി യോടെ പുറത്തുവന്നപ്പോഴേയ്ക്കും സാരഥി ഗിരിജൻ അപ്രത്യക്ഷ നായിരുന്നു. അതുപിന്നെ അങ്ങിനെയാണ്. ഇനി നോക്കണ്ട.

നമശ്ശിവായ! ഇതിന്റെ അർത്ഥം ദൈവത്തെ നമിക്കുന്നു. സർവ്വ രേയും നമിക്കുന്നു. മംഗളം ഭവിക്കട്ടെ. പ്രിയ വായനക്കാരെ ക്ഷമി ക്കൂ. എന്റെ വീട്ടുകാര്യങ്ങൾ പറഞ്ഞ് ദർശനത്തിന്റെ ഇതളുകൾ ദുരുപയോഗം ചെയ്യുന്നുണ്ട് എന്നറിയാം. ഇതൊരു സ്ഥിരം പണി യാണ്. സാമൂഹ്യമാറ്റത്തിന്റെ ധ്വനി മുഴക്കിയിരുന്ന അച്ഛന്റെ ഈ

ദർശനതാളുകളിൽ സാമൂഹ്യ വിപ്ലവമൊന്നും അറിഞ്ഞുകൂടാത്ത ഞാൻ അനുഭവങ്ങൾ എഴുതുന്നു അത്രമാത്രം. കഥ തീർന്നില്ല അല്പം കൂടി ബാക്കിയുണ്ട്. പെട്ടികിട്ടികഴിഞ്ഞപ്പോൾ എല്ലാവർക്കും ഒരാശ്വാസമായി. വണ്ടി വിട്ട് തിരികെ നീർക്കുന്നത്തെത്തി. മകളുടെ ഫോണും പ്രതീക്ഷിച്ചിരിപ്പാണ്. സമയം കഴിഞ്ഞു. ദുബായിലെത്തിയാൽ ഉടനെ വിളിക്കുന്നതാണ്. അങ്ങോട്ട് വിളിച്ചിട്ട് കിട്ടുന്നില്ല. മണിക്കൂറുകൾ കഴിയുന്നു. പ്രശ്നമായി ആധിപിടിച്ച് അമ്മയും മകളും കരച്ചിലായി. ഒന്നടങ്ങിയിരിക്ക് ശുഭമായി ചിന്തിയ്ക്ക് എന്തെങ്കിലും താമസം വന്നുകാണും. ഇവിടെ നിന്നും പുറപ്പെട്ടാൽ ദുബായിലെത്തും അല്ലാതെവിടെ പോകാനാണ്. ഇതൊക്കെ പറഞ്ഞാൽ ആധിപിടിച്ച മനസിൽ കയറാൻ പ്രയാസമാണ്. ഒടുവിൽ ഫോൺ കിട്ടുന്നതുവരെ ബഹളം തുടർന്നു. ജീവിതവും ഇങ്ങനെ തന്നെ സുഖദു:ഖങ്ങൾ മാറിമാറി വരും. ഏറ്റക്കുറച്ചിലുകൾ ഉണ്ടാവാം. ഇതെല്ലാം ചെറിയ വെടികളായിരുന്നു. വലിയ വെടി ജീവിതത്തിൽ ഉണ്ടാവാം. ജാഗ്രതയായിരിക്കണം. നമ്മുടെ ജീവിതത്തിലെ പ്രതിസന്ധികൾ നമ്മുടെ പരിശ്രമം കൊണ്ടുതന്നെ നേരിടണം. ആധിപിടിച്ചാൽ പരിഹരിക്കാനാകുമോ? ഓർത്തു നോക്കൂ നാം വെറുതേ ഭയപ്പെട്ട എത്രയോ സംഗതികൾ ജീവിതത്തിൽ സംഭവിക്കാതെ കടന്നുപോയി. നമുക്ക് ചിന്തിക്കാനും താലോലിക്കാനും എത്രയോ ജീവിതാനുഭവങ്ങൾ. പ്രകൃതി അനുഗ്രഹിച്ചുതന്നിട്ടുണ്ട്. ഇതെല്ലാം ചെയ്തു തന്ന പ്രകൃതിശക്തിയെ മറന്ന് അശുഭ ദർശനം നടത്തുന്ന മനസ്സിന്റെ പ്രാകൃത ഭാവമാണ് സർവ്വദു:ഖങ്ങൾക്കും ആധാരം. കർമ്മഫലങ്ങളൊന്നുമല്ലാതെ നമ്മുടെ നേരെ മറ്റൊന്നും വരുകയില്ല. അതാവട്ടെ നമുക്ക് ഒഴിവാക്കാനാവാത്തതും അവശ്യം അനുഭവിക്കേണ്ടതുമാണ്. ഇത് മനസ്സിലാക്കിയാൽ തന്നെ ഭയം അപ്രത്യക്ഷമാകും. ജീവിതയാത്രയിലെ ചെറിയ ചെറിയ പ്രതിസന്ധികളെ പെരുപ്പിച്ച് വലുതാക്കിയാണ് മനസ്സ് നമ്മളിൽ ഈ കോലാഹലങ്ങളുടെ സൃഷ്ടി നടത്തുന്നത്. പെട്ടികൾ എടുക്കുവാൻ തിരിച്ചുപോകേണ്ട അത് പാഴ്വേലയാണെന്ന് പറയുന്നതാണ് നമ്മുടെ മനസ്സിന്റെ പ്രകൃതം. നമ്മെ അദ്ധത്തിൽ ചാടിക്കുന്ന മനസ്സിന്റെ കുടിലതന്ത്രങ്ങളെ അതിജീവിക്കണം. ഈ ലക്കം മുഖലേഖനത്തിലൂടെ കുറുപ്പുസാർ മനസ്സിന്റെ സ്വഭാവം ശരിക്കും മനസ്സിലാക്കിത്തരും. അവനെ ഒന്നടക്കി നിർത്താതെ

ആർക്കും സ്വസ്ഥത ഉണ്ടാവില്ല. അതുവരെ അവൻ നമ്മെ ഇട്ടുപീഡിപ്പിക്കും. നമ്മുടെ ഒക്കെ ശത്രു ഈ ഭൂമിയിലുള്ള മനുഷ്യരോ ജന്തുക്കളോ അല്ല. നമ്മുടെ മനസ്സുതന്നെയാണ്. നമ്മെ ആധി പിടിപ്പിക്കുന്ന ആ മനസ്സിനെ അടക്കി മാനുഷികധ്യാനം കൊണ്ട് സുന്ദരമാക്കിയാൽ ജീവിതവും പരസ്പരാനന്ദമാകും. ജയ്ജഗത്.

## 2. എല്ലാ രോഗവും തടയുവാനുള്ള ഒരു കുത്തിവെയ്പ്പ്

നമ്മൾക്കുണ്ടാകുന്ന രോഗങ്ങൾക്ക് രോഗാണുക്കളാണ് കാരണം എന്നു കരുതി അവക്കൊ വരാതിരക്കുവാൻ പ്രതിരോധകുത്തിവെയ്പ്പുകൾ ഇന്ന് വ്യാപകമായി എടുത്തുകൊണ്ടിരിക്കുകയാണല്ലോ. ശരി നല്ലതുതന്നെ മസൂരിയും പോളിയോയുമൊക്കെ ലോകവ്യാപകമായി തടയുവാനും കഴിഞ്ഞല്ലോ ഇതെല്ലാം ചെയ്യുമ്പോൾ രോഗങ്ങൾ കുറഞ്ഞുവരുന്നോ അതോ പെരുകുകയാണോ? പഴയതു കുറഞ്ഞപ്പോൾ പുതിയവ ഇരട്ടിയായോ? ഇന്ന് വ്യാപകമായി സമൂഹത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന രോഗങ്ങൾക്ക് തന്നെയാണോ കുത്തിവെയ്പ്പുകൾ നടത്തുന്നത്. അതോ അപൂർവ്വ രോഗങ്ങൾക്കു വേണ്ടി മാത്രമാണോ? ഞാൻ ചോദിച്ചിട്ടുള്ള ഒരുപാട് അമ്മമാർക്കും തങ്ങളുടെ കുട്ടികളെ എന്തിനുവേണ്ടിയാണ് കുത്തിവെച്ചതെന്നറിഞ്ഞുകൂടാ. ചിലപ്പോൾ പഠിക്കാൻ പോയ കുട്ടികളെ സ്കൂളിൽ ചെന്ന് കുത്തിവെയ്ക്കുന്നു. ആരോഗ്യസംരക്ഷണം എന്ന ധാരണയിലാണ് ഇതൊക്കെ ചെയ്യുന്നത്. മരുന്നുകമ്പനിക്കാരെ ശ്രദ്ധിച്ചോണം. ഇതെല്ലാം സത്യമാണോ? മനുഷ്യന് സ്വാതന്ത്ര്യമുണ്ട്. വിവേചനാശക്തിയുണ്ട്, അറിവുണ്ട് ചിന്തിക്കുക ഒരുപാടറിയുവാനുമുണ്ട്. ആരോഗ്യ സംരക്ഷണത്തിന് ചരകമഹർഷിയുടെ ഒരു വാക്യം വായിക്കാം. രോഗത്തിന് ആക്രമിക്കാൻ കഴിയാത്ത മനുഷ്യൻ ഒരാൾ ശരിയായ ആഹാരരീതിയും ദിനചര്യയും പാലിക്കുമ്പോൾ ശരിയായി ചിന്തിച്ചതിനുശേഷം കർമ്മനിരതനാകുമ്പോൾ ഇന്ദ്രിയസുഖാനുഭവങ്ങളിൽ അമിതാവേശം കാണിക്കാതിരിക്കുമ്പോൾ ഉദാരവതിയായിരിക്കുമ്പോൾ എല്ലാ ജീവജാലങ്ങളോടും സഹാനുഭൂതിയോടെ പെരുമാറുമ്പോൾ സത്യത്തെ മുറുകെ പിടിക്കുകയും മറക്കാനും പൊറുക്കാനും സന്നദ്ധനാകുകയും ചെയ്യുമ്പോൾ വിനയത്തോടെ മറ്റുള്ളവരെ സേവിക്കുമ്പോൾ തനി

ക്കുള്ളതുകൊണ്ട് സംതൃപ്തനായിരിക്കുമ്പോൾ അയാളെ ഒരിയ്ക്കലും ഒരു രോഗത്തിനും കീഴ്പ്പെടുത്തുവാനാവില്ല. മഹർഷി കൃത്യമായി രോഗനിർണ്ണയം നടത്തിയാണ് ഈ കുറുപ്പടി തയ്യാറാക്കിയിട്ടുള്ളത്. നമ്മുടെയെല്ലാം മനസ്സിൽ ഡോക്ടർമാർക്ക് കണ്ടുപിടിക്കാൻ കഴിയാത്ത അനവധി രോഗങ്ങളുണ്ട്. അഹങ്കാരം, അസൂയ, ദേഷ്യം, മത്സരം, സംശയം തുടങ്ങി ദുർവ്വാസനകൾ തിങ്ങിനിറഞ്ഞ മനസ്സിൽ അണുക്കളും രോഗങ്ങളും തഴച്ചുവളരുന്നു. മാനുഷിക ധ്യാനംകൊണ്ട് മനോമാലിന്യങ്ങൾ നശിപ്പിക്കുക. കഴിയുന്നത്ര സസ്യാഹാരം ശീലിച്ച് ചായ, കാപ്പി, പഞ്ചസാര, ബേക്കറിസാധനങ്ങൾ ഇവ നിയന്ത്രിച്ച് ശരിയായ ആഹാരരീതി അവലംബിക്കുമ്പോൾ ഇന്നത്തെപ്പോലെ ആന്റിബയോട്ടികുകൾ ഉപയോഗിക്കേണ്ടിവരില്ല. പ്രശാന്തവും പ്രസാദാത്മകവുമായ മനസ്സിൽ രോഗാണുക്കൾക്ക് പ്രവേശിക്കാനാവുകയില്ല.

---

# പൊതുവിവരങ്ങൾ

**ആരണ്യകാണ്ഡം** **1**

പ്രകൃതിയെ അറിയുവാൻ സ്നേഹിക്കുവാൻ. ദർശനം പരസ്പരാനന്ദ യാത്ര മെയ് 23, 24 തീയതികളിൽ ചാലക്കുടിയ്ക്ക് കിഴക്ക് വാഴച്ചാലിൽ. വനം വകുപ്പിന് അതിനുള്ള അപേക്ഷ അയച്ചിട്ടുണ്ട്. അതിരപ്പള്ളി, വാഴച്ചാൽ എന്നീ വെള്ളച്ചാട്ടങ്ങളും പെരിങ്ങൽകുത്ത് ഡാമും കണ്ട് വനയാത്രയുമായി രണ്ടുദിവസം നമ്മൾക്ക് ഒന്നിച്ചുകൂടാം. നമുക്ക് നമ്മെക്കുറിച്ചുള്ള അവബോധമുണ്ടാകാൻ നാട്ടിൽ തന്നെ കഴിഞ്ഞാൽ മതിയോ? വല്ലപ്പോഴും ഒരു വനയാത്ര വനത്തിന്റെ മഹത്വം ഉൾക്കൊണ്ട് നടത്തിയാൽ മൈത്രീഭാവന കുറെക്കൂടി എളുപ്പമാക്കാം. മനസ്സിന്റെ പിരിമുറുക്കങ്ങൾ അകന്ന് ശാന്തമാകും. വനം പോലെ മനസ്സും സുന്ദരമാകും. മനസ്സ് നന്നായാൽ ലോകവും നന്നാകും. ശനിയും ഞായറും കൂടി വണ്ടി കിട്ടാനുള്ള ബുദ്ധിമുട്ടു കാരണമാണ് യാത്ര ഇത്രയും വൈകിയത്. ശ്രീനാഥ് സാറിന്റെ ശങ്കരാ ട്രാവൽസിലാണ് ഈ വർഷവും നമ്മുടെ യാത്ര. താല്പര്യമുള്ളവർ ബന്ധപ്പെടുക.

## രാജാവ് ഇല്ലാത്ത രാജ്യം 2

എത്ര കഴിവില്ലാത്ത രാജാവാണെങ്കിലും അദ്ദേഹത്തിന്റെ സഭയിൽ നമ്മുടെ നിയമസഭയിലെപോലെ ഒരു രംഗം ഉണ്ടായിക്കാണില്ല. ആദിവാസിമൂപ്പന്മാരുടെ ഭരണരംഗത്തും സംഭവിക്കാനിടയില്ല. നാം നാടു ഭരിക്കാൻ യോഗ്യരെന്നു കരുതി തെരഞ്ഞെടുക്കുന്ന ഈ നേതാക്കൾ ഒന്നായ നമ്മുടെ സമൂഹത്തെ പലകക്ഷികളിലാക്കിയാണ് ഈ സാഹസം ചെയ്യുന്നത്. ക്യാമറായുടെ മുമ്പിൽ ഇങ്ങനെയാണെങ്കിൽ നോർമൽ അവസ്ഥ എന്തായിരിക്കും. തങ്ങളെ വോട്ട് ചെയ്ത് ജയിപ്പിച്ച ജനത്തെ മറന്ന് ഈ കൂട്ടർ അഴിമതി നടത്തി പണം സമ്പാദിച്ച് സുഖലോലുപതയിൽ മുഴുകുന്നു. ഇതുകണ്ട് ജനങ്ങൾക്ക് ജനാധിപത്യത്തിലുള്ള വിശ്വാസംതന്നെ നഷ്ടപ്പെടുന്നു. സഹിക്കവയ്യാതെ ഡൽഹി അരവിന്ദ് കെജരിവാളിന്റെ നേതൃത്വത്തിൽ ചൂലെടുത്തപ്പോൾ ഉണ്ടായ മാറ്റം ശുഭകരമായെങ്കിൽ. നല്ല രാജാക്കന്മാർ പ്രജകളെ ഒന്നായി കണ്ട് ജനസേവനം ചെയ്തു. ഇന്ന് ഭരണകൂടങ്ങൾ ഭരിക്കുന്നവർക്കുവേണ്ടിയായിരിക്കുന്നു. മനുഷ്യർ തമ്മിൽ ഐക്യപ്പെട്ട് നവസമൂഹ രചനയ്ക്ക് തയ്യാറാകുന്ന കാലം വരെ ഇതൊക്കെ സഹിക്കേണ്ടിവരും. കഷ്ടം! ആദർശങ്ങളെ മുറുകെ പിടിച്ച് സമൂഹബോധത്തോടെ വളർന്നു വരേണ്ട പുതുതലമുറ ഈ കയ്യാങ്കളി കണ്ട് വളരേണ്ടി വരുന്നു. ചുരുങ്ങിയ പക്ഷം നമ്മുടെ പത്രങ്ങളും മീഡിയാകളും ഈ രാഷ്ട്രീയ കക്ഷിക്കാരുടെ തിരുമുമ്പിൽ പിടിച്ചിരിക്കുന്ന ക്യാമറ ഇനിയെങ്കിലും ഭൂമിയിലേയ്ക്ക്, കൃഷിയിലേയ്ക്ക്, ഇവിടെ പണിയെടുക്കുന്നവരിലേയ്ക്ക്, അവരുടെ പ്രശ്നങ്ങളിലേയ്ക്ക് സ്വതന്ത്ര്യമായി തിരിച്ചുപിടിക്കേണ്ടതാണ്. വോട്ടിന്റെ പുറകെ പോകാതെ ജനങ്ങളും ഒന്നുണരണം. ഇന്നാട്ടിൽ രാഷ്ട്രീയവും തെരഞ്ഞെടുപ്പും വഴിതടയലും പിരിവും ബന്ദുമൊന്നുമില്ലാതെ എത്രയോ സുമനസ്സുകൾ ജനക്ഷേമകരമായി പ്രവർത്തിക്കുന്നു. സുഭാഷ് പലേക്കറെപ്പോലെ ഒരു പശുവിനെ വളർത്തി സംപൂർണ്ണമായ കൃഷിരീതി പഠിപ്പിക്കുന്ന കൃഷി ശാസ്ത്രജ്ഞൻമാർ, ജൈവകർഷകർ, സുഗതകുമാരിയെപോലെ പരിസ്ഥിതി പാഠങ്ങൾ പഠിപ്പിക്കുവാൻ കഴിയുന്ന മഹാത്മജിയുടെ അനുയായികൾ, ജീവിതം സന്ദേശമാക്കിയ ഗുരുക്കന്മാരുടെ വചനങ്ങൾ, മാനുഷിക ധ്യാനം, പ്രകൃതിജീവനരീതികൾ എന്നീ തലങ്ങളിലേക്ക് മനു

ഷ്യർ വഴിമാറേണ്ട ഘട്ടം സമാഗതമായിരിക്കുന്നു എന്ന് ഇത്തരം നിയമസഭാ സംഭവങ്ങളിലൂടെ എങ്കിലും നാം പഠിക്കേണ്ടിയിരിക്കുന്നു.

## പ്രതിമാസ യോഗം 3

എല്ലാ മാസവും ആദ്യ ഞായറാഴ്ച വൈകുന്നേരം 5 മുതൽ 7 വരെ നീർക്കുന്നം ധന്യയിൽ കൂടി കടപ്പുറത്തു പോയി ഒരു മുഖലേഖനവും പഠിച്ച് മാനുഷികധ്യാനവും നടത്തി പോരുന്നു. ഒന്നിടവിട്ട മാസങ്ങളിൽ പത്രം ഇറങ്ങുന്നു എന്നല്ലാതെ കർമ്മപരിപാടികളൊന്നും നടക്കുന്നില്ല. ദർശനം മേൽവിലാസങ്ങൾ ആകെ കുഴഞ്ഞുമറിഞ്ഞ് കിടക്കുകയാണ്. ഒന്നു പുതുക്കണം. ഒരു വർഷത്തിനിടെ ദർശനവുമായി ഒരു പ്രതികരണവും ഇല്ലാത്തവർ ഇനിയും തുടരേണമെങ്കിൽ അറിയിക്കുക.

## രാജേന്ദ്രൻ 4

ശ്രീ.ചന്ദ്രൻ പുറക്കാടിന്റെ ഇളയ സഹോദരി മാനസിയുടെ ഭർത്താവ് കന്യക്കോണിൽ രാജേന്ദ്രൻ (64) ഒരു വാഹനാപകടത്തെ തുടർന്ന് അന്തരിച്ചു. അച്ഛനുമായി ആത്മബന്ധമുള്ള കുടുംബം. ദുഃഖിതരായ കുടുംബാംഗങ്ങൾക്ക് സമാധാനം ലഭിക്കട്ടെയെന്ന് ദർശനം പ്രാർത്ഥിക്കുന്നു.

## സുജീവിതം 5

ഈ ലക്കം സുജീവിതം മാസികയിൽ (2015 ഏപ്രിൽ) നല്ല അയൽക്കാരൻ എന്ന പേരിൽ കുറുപ്പുസാറിനെക്കുറിച്ച് നല്ല ഒരു ലേഖനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാസിക ഇവിടെ ലഭ്യമാണ്.

## പുതിയ ലോകം പുതിയ വഴി 6

ശ്രീ.കേണൽ സാരസാക്ഷനും ഗീതച്ചേച്ചിയും കൂടിയാണ് അച്ഛന്റെ ഭാവിലോകം എന്ന പുസ്തകം ഇംഗ്ലീഷിലേക്ക് തർജ്ജിമ ചെയ്തത്. അച്ഛന്റെ മറ്റ് പുസ്തകങ്ങളുംകൂടി ഇംഗ്ലീഷിലേക്ക് തർജ്ജിമ ചെയ്യുവാനുള്ള പരിശ്രമത്തിലാണ് ശ്രീ. സാരസാക്ഷൻ.

# കത്തുകൾ മുത്തുകൾ

**കണക്കൂർ ആർ. സുരേഷ്കുമാർ.**
കാർവാർ, കർണ്ണാടക. ഫോൺ : 09481860828

1

ദർശനം പതിവായി കിട്ടുന്നുണ്ട്. പ്രിയപ്പെട്ട പലരും എഴുതുന്നു. വായിക്കുമ്പോൾ വലിയ സന്തോഷം തോന്നി. കുറേ ആഴ്ചപ്പതിപ്പുകളും മാസികകളും തപാൽമാർഗ്ഗം ഇവിടെ എത്തിച്ചേരുന്നുണ്ട്. മിനക്കെട്ടിരുന്ന് പരമാവധി വായിക്കാറുമുണ്ട്. കഥകൾ, ലേഖനങ്ങൾ, കവിതകൾ എല്ലാം. പക്ഷെ ദർശനം വരുമ്പോൾ ഒരു കത്ത് കിട്ടുന്ന പ്രതീതയാണ് തോന്നുന്നത്. അടുപ്പമുള്ള ഒരാളുടെ കത്ത്. അതിൽ സ്നേഹമുണ്ട്. സാന്ത്വനമുണ്ട്. നാട്ടുവിശേഷങ്ങളുണ്ട്. കുടുംബക്കാർ ചേർന്ന് ഇടക്കൊക്കെ യാത്രകൾ പോകുന്നത് വായിക്കുമ്പോൾ അസൂയ തോന്നും. ഒന്നിനും പങ്കെടുക്കാൻ സാധിച്ചില്ലല്ലോ എന്ന്. ഏറെ ഇഷ്ടപ്പെട്ടത് വനയാത്ര തന്നെ. കർണ്ണാടകത്തിന്റെ വടക്കേയറ്റത്ത് കാർവാർ ജില്ലയിലെ ഒരു കൊടും വനത്തിനുള്ളിലാണ് കഴിഞ്ഞ പതിനേഴ് കൊല്ലമായി ഞാൻ താമസിക്കുന്നത്. സഹ്യന്റെ ഒരു ഭാഗം. നല്ല ഗംഭീര നിത്യഹരിത വനം. മൃഗങ്ങളൊക്കെ ഏറെയുണ്ട്. മുയൽ, മാൻ, പന്നി, മുള്ളൻപന്നി, ബൈസൺ തുടങ്ങിയ സസ്യാഹാരികളേയും പുലി, കടുവ തുടങ്ങിയ മാംസാഹാരികളേയും കണ്ടിട്ടുണ്ട്. ജനങ്ങൾക്ക് ഇവയെ കൊണ്ട് യാതൊരു ശല്യവുമില്ല. ഞങ്ങളാരും അവയേയും ശല്യപ്പെടുത്താറില്ല. വനത്തിനുള്ളിലെ ഞങ്ങളുടെ ചെറിയ ടൗൺഷിപ്പിന് അരികിലൂടെ കാളി നദി നിറഞ്ഞൊഴുകുന്നു. കാടും നദിയും ചേർന്നാൽ വളരെ മനോഹരമായ ഒരു കൂടിച്ചേരൽ ഉണ്ടാകും. കാട് നദിയെ പൊതിഞ്ഞ് സൂക്ഷിക്കുമ്പോൾ നദി കാടിന് ജീവജലം പകരുന്നു. മാത്രമല്ല ഇവിടെ പക്ഷികളുടെ സ്വർഗ്ഗം തന്നെ. മലമുഴക്കി വേഴാമ്പലുകളെ മിക്കപ്പോഴും കാണാം. മയിലുകളും സാധാരണം. നദി നിറഞ്ഞു കിടക്കുന്നതിനാൽ ഒട്ടു മിക്ക ജലപ്പക്ഷികളും നീന്തിത്തുടിക്കും. ഏറ്റവും കൂടുതൽ നമ്മെ ആകർഷിക്കുന്നത് ശലഭങ്ങളാണ്. എത്ര തരം ശലഭങ്ങൾ! ഇത്രയൊക്കെ കേട്ടപ്പോൾ ദർശനത്തിലെ കുടും

ബക്കാർക്ക് ഒന്ന് വന്നാൽ കൊള്ളാം ഇതൊക്കെ കണ്ടാൽ കൊള്ളാം.. എന്ന് തോന്നിയിരിക്കും. ആയിക്കോട്ടെ. അതിൽ സന്തോഷം മാത്രം. കൊങ്കണിൽ തീവണ്ടികൾ ഓടുന്നത് അതിനൊക്കെ വേണ്ടിയല്ലേ? എല്ലാവർക്കും സ്വാഗതം.

നമുക്ക് ചുറ്റും സത്യവും ധർമ്മവും നീതിയും മരിച്ചുകൊണ്ടിരിക്കുന്നു എന്ന് വിലപിക്കുന്നത് കേൾക്കാം. ആരും അതിന് കാര്യമായ പോംവഴികൾ ഒന്നും പറയുന്നുമില്ല. പക്ഷെ അതത്ര ശരിയല്ല എന്നാണ് തോന്നുന്ന്. മനുഷ്യനിൽ എന്നും നന്മ ബാക്കി നിൽക്കുന്നുണ്ട്. തിന്മ ചെയ്യുന്നവന്റെ ഉള്ളിലും നന്മയുടെ ഒരംശം ഉണ്ടായിരിക്കും. അത് ഊതിതെളിക്കുവാനാണല്ലോ ദർശനം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എല്ലാവർക്കും നന്മകൾ ആശംസിക്കുന്നു.

---

## എന്റെ കളിക്കൂട്ടുകാർ

അഞ്ചാം ക്ലാസിൽ പഠിക്കുന്ന ഷിഫാന എന്റെ ഒരു കൊച്ചു കൂട്ടുകാരിയാണ്. വളരെ വേദനയോടെ കഴിഞ്ഞ ദിവസം ബാപ്പ സലാമിനൊപ്പം വന്നു. ഡോക്ടറെ ഞങ്ങടെ അഞ്ചാടിനെയും രാത്രി ഏതോ ജീവി കടിച്ചു കൊന്നു. എനിക്ക് സഹിക്കാൻ പറ്റുന്നില്ല. മോടെ വിഷമങ്ങളെല്ലാം ശ്രദ്ധയോടെ കേട്ടു. എന്റെ ഹൃദയത്തിലെ തൂവാല എടുത്ത് കുഞ്ഞിന്റെമനസ്സിലെ കണ്ണീർ തുടച്ചു. അന്നുരാത്രി കുഞ്ഞിന്റെ ദു:ഖം ഒരു കവിതാരൂപത്തിൽ പുറത്തുവന്നു. ഷിഫാന അതെന്നെ ചൊല്ലി കേൾപ്പിച്ചു. ഈ വിശ്വപ്രകൃതി എല്ലാവരുടേയും ഹൃദയം കാരുണ്യംകൊണ്ട് നിറച്ചിട്ടുണ്ട്. സാഹചര്യങ്ങൾകൊണ്ട് തടയപ്പെട്ട് അതുപലപ്പോഴും പുറത്തോട്ട് ഒഴുകാതെ ഉള്ളിൽതന്നെ ഇരിക്കുന്നു. തീരാത്ത പഠനവും മാത്സര്യവും നിറഞ്ഞ ലോകത്തിൽ കുട്ടികൾ എങ്ങനെ "വലിയവരാകാനാണ്." സ്കൂൾ വിട്ട് ട്യൂഷനും കഴിഞ്ഞ് വരുന്ന കുട്ടി ബേക്കറി സാധനങ്ങളും കഴിച്ച് ടിവിയും കണ്ട് ഇരുന്നാൽ മനസ്സ് മുരടിച്ച് പോകും. ഇടവേളകളിൽ കളിക്കുകയോ ചെടിക്ക് നനക്കുകയോ, പക്ഷിമൃഗാദികളെ തീറ്റുകയോ ചെയ്താൽ മനസ്സ് വളരും. ഇതാ ആടിനെ സ്നേഹിച്ച ഷിഫാനയുടെ കവിത ഒന്നു വായിച്ചുനോക്കാം.

എന്നുമെൻ കൂടെ കളിക്കുന്ന കൂട്ടുകാർ
ഓർമകൾ ഇപ്പഴും ബാക്കിയുണ്ട്.
വാതിൽ തുറന്നിട്ട് നോക്കുമ്പോൾ കാണാം
ചോരയും കണ്ണുനീർ തുള്ളികളും.
ഒരാളോളം താഴ്ചയിൽ മറവത് ചെയ്തപ്പോൾ
ചങ്ക് പറിഞ്ഞങ്ങ് പോയത്പോൽ
നിശ്ചലമായി കിടക്കുന്നിതാ എൻ കളിക്കൂട്ടുകാർ
ഞാനിതെങ്ങനെ കണ്ടുനില്ക്കും.
ഒരു സുപ്രഭാതത്തിൽ ഞാൻ കണ്ടകാഴ്ചകൾ
എൻ ജീവിതമാകെ മാറ്റിമറിച്ചു.
കണ്ണുകളിൽ നിന്ന് മായാത്ത കാഴ്ചയായ് ഇപ്പഴും
നെഞ്ചകം നീറുന്നുണ്ട്.
ഉല്ലസിച്ചാടിയും പാടിയുമെന്റെമേൽ
ചാടിക്കളിച്ചതും ഓർക്കയാണ്.
അഞ്ചാട് വന്നതും പോയതുമെല്ലാം
എൻ ജീവിതത്തിൻ ഒരു ഘട്ടമാണ്.
മനസ്സിന്റെ ഉള്ളിലെ സ്വപ്നങ്ങളെല്ലാം
പൊട്ടിതകർന്നതും സത്യമാണ്.
ഏതോ കാട്ടിലെ ജീവികൾ വന്നെന്റെ
കൂട്ടരെ കൊന്നതും സത്യമാണ്.
ഞങ്ങൾക്ക് വന്നോരാപത്തെല്ലാം
ഏറ്റെടുത്തവരെങ്ങോ പോയല്ലോ
അവർ വന്നകാലമെത്ര മനോഹരം
എന്ന് പറഞ്ഞാലും തീരില്ല.
കൂട്ടുകാരില്ലായിരുന്നപ്പോൾ വാങ്ങിയ
ആടുകളാണെന്റെ കൂട്ടുകാര്
എന്റെ കരച്ചിൽ കണ്ടിട്ടുബാപ്പ
ആടുകളെ വീണ്ടുംവാങ്ങിത്തന്നു.
ഉമ്മ പറഞ്ഞു ആടുകളെല്ലാം വീടിന്റെ ഉള്ളിൽ വസിച്ചിടട്ടെ.

**ഷിഫാന.**
5.ഇ., എസ്.ഡി.വി.യു.പി.സ്കൂൾ.
ഫോൺ : 9995535355

സത്യം                                                   അഹിംസ

# ദർശനം മാസിക

വില : 3/-

No. R. No. 24812 / 73

EDITOR : DARSANAM, NEERKUNNAM, ALAPPUZHA, KERALAM-688 005.
Phone : 0477 2282377, E-mail : darsanamkanjippadom@gmail.com

To

**മടിശ്ശീല** :

രാധാകൃഷ്ണൻ, മുൻ മേയർ 200, അജിത്കൃഷ്ണൻ, കൃഷ്ണമഠം 150, ഗോപി, ആലുവ 200, ബാബു, കൊച്ചുപാലത്തിട്ട - 500, കാനം കുഞ്ഞിരാമൻ - 100, പി.പി.പിള്ള, കറുകച്ചാൽ - 300, പ്രഭാകരൻനായർ, നല്ലൂപ്പറമ്പ് - 200, ദർശനത്തിന് നാമകരണം ചെയ്ത യശശ്ശരീരനായ പ്രൊഫ. രവീന്ദ്രനാഥിന്റെ പുത്രൻ പ്രവീൺവർമ്മ - 1000, അപ്പൂപ്പന്റെ ദർശനത്തിന് മകൾ ശ്രീല - 1000. എല്ലാവർക്കും പ്രണാമം.

---

## പ്രശ്നക്കാരൻ.

**നമ്മുടെ ഏതു പ്രശ്നങ്ങൾക്കും മറ്റുള്ളവരാണ് കാരണക്കാർ എന്ന ധാരണയിൽ അവരുടെ ദോഷങ്ങളെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരുന്നാൽ ദുഃഖമായിരിക്കും വാരഫലം. നമ്മുടെ പ്രശ്നങ്ങൾക്ക് ഏറെയും ഉത്തരവാദി നാം തന്നെയാണ് നമ്മുടെ കർമ്മഫലങ്ങളാണെന്ന് മനസ്സിലാക്കി പരിഹരിക്കുവാൻ ശ്രമിക്കുമ്പോൾ ജീവിതാനന്ദം ഉണ്ടാകും.**

Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249

Founder Editor : D.Pankajaksha Kurup
at Chaithanya Offset Printers, Punnapra. Phone : 9895505306